Rev. Fr. K. K. George

# പൗരോഹിത്യം

# വേദാനുസരണമോ?

By


കെ. ററി. സക്കറിയാകത്തനാർ

ആരക്കുന്നം.


1955


**First Edition Copies 1500**



*(all Rights Reserved)*


വില ണ 6.

മാന്യരെ,

പൂർവ്വീകസഭയെന്ന് അഭിമാനിക്കുന്ന-മാർ തോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കര സുറിയാനിസഭ – ഇന്നു വിശ്വാസത്തിൽ വളരെ പുറകിലാണോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതിനു പല കാരണങ്ങൾ ഉണ്ടായേക്കാം. ഒന്നാമതു സഭയുടെ അരുമ സന്താനങ്ങളെ ശരിയായി പഠിപ്പിക്കുന്നില്ലായിരിക്കും. രണ്ടാമതു സഭയുടെ ഇന്നത്തെ നിലയിൽ സമാധാനമില്ലായ്മയാകാം. മൂന്നാമതു ചില ക്രിസ്തീയ വിഭാഗങ്ങളുടെ ദുഷ്പ്രചരണം. ഈ കാരണങ്ങൾ ഉള്ളതു തന്നെയാണ്. എന്നാലും നമുക്കു ചില ചുമതലകൾ ഉണ്ട്. എന്താണതു്. എന്റെ സഭയുടെ അതെ! സഭയാകുന്ന അമ്മയുടെ അരുമ സന്താനമായി ഞാൻ വളരും. എന്നിൽ ആ വിശ്വാസം ഉണ്ട്. അതിന്റെ പൗരോഹിത്യം പരിശുദ്ധമാണ്. ഈ സത്യത്തിൽ ഞാൻ മുമ്പോട്ടുപോകും. അതിനുതകത്തക്കവണ്ണം വിശ്വാസസത്യങ്ങളെ ഈദൃശ ഗ്രന്ഥങ്ങൾ വഴി വെളിപ്പെടുത്തണമെന്നാഗ്രഹിക്കുന്ന ഒരു എളിയ ദാസനാണു ഞാൻ. കഴിഞ്ഞകൊല്ലം 1954-ൽ "ശിശുസ്നാനം വേദാനുസരണമോ" എന്ന ഒരു ചെറു പുസ്തകം പ്രസിദ്ധപ്പെടുത്തി. ഇപ്പോൾ ഈ ചെറുപുസ്തകം ഇറക്കുന്നു. ദൈവം തിരുമനസ്സായാൽ അടുത്തകൊല്ലം വേറൊന്ന്. ഈ പുസ്തകം പൂർണ്ണമെന്ന് ഞാൻ വിചാരിക്കുന്നില്ല. കുറെയൊക്കെ കിട്ടിയതു് ഇതിൽ വച്ചിട്ടുണ്ട്. കുറവുണ്ടെങ്കിൽ നമുക്കു പരിഹരിക്കാമല്ലോ. ഞാൻ ഒരു സാഹിത്യകാരനല്ല. അതുകൊണ്ട് എന്റെ ഭാഷാരീതി വളരെ മോശമെന്ന് എനിക്കറിയാം. അതു സാരമില്ല. കാര്യം ഗ്രഹിക്കണമെന്നു മാത്രമെ ഞാൻ ആഗ്രഹി

ക്കുന്നുള്ളു. ഈ പുസ്തകത്തിന്നു വളരെ അധികം സഹായം ചെയ്തതു് ദിവ്യശ്രീ. ബ: ആത്തുങ്കൽ ഗീവറുഗീസച്ചനാണു്. അദ്ദേഹത്തോടും എൻെറ ഗുരുഭൂതനായ ദിവ്യശ്രീ ബ: ഇട്ടീരാ മല്പാനച്ചനോടും ഞാൻ എൻെറ കടപ്പാടു രേഖപ്പെടുത്തുന്നുണ്ടു്. സർവ്വോപരി മലങ്കര സുറിയാനി സഭക്കു ഈ പുസ്തകം പ്രയോജനപ്പെടണമെന്നുള്ള എൻെറ ആഗ്രഹം സഫലീകൃതമായാൽ അതിൽ ഞാൻ ഏറെ ഭാഗ്യവാൻ.

ആരക്കുന്നം
1—11—1955

എന്നു്,
കെ. റ്റി. സഖറിയാ കത്തനാർ.

# ശുദ്ധിപത്രം.

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 21 | 10 | എന്നുള്ള | എന്നുള്ളതു |
| 21 | 20 | നിന്നായരുന്നു | നിന്നായിരുന്നു. |
| 22 | 28 | കൃപകൾ | ക്രിയകൾ |
| 24 | 4 | ദൈവ വച്ചനം | ദൈവവചനം |
| 25 | 27 | ശുശ്രൂഷണങ്ങൾക്കത്രെ | ശുശ്രൂഷ ഞങ്ങൾക്കത്രെ |
| 28 | 8 | പുറത്താക്കുവാനുള്ളതും | പുറത്താക്കുവാനും |
| 31 | 21 | 2കോറ: 5:20 നിങ്ങൾ | ഞങ്ങൾ |
| 32 | 7 | ഉണ്ടായിരിക്കണമെന്നല്ലേ | ഉണ്ടായിരിക്കണമെന്നുമല്ലെ |
| 34 | 11 | പഴയനിയമ വേദപുസ്തകം | പഴയ ഇംഗ്ലീഷ് വേദപുസ്തകം |
| 50 | 24 | മുൻനടപ്പു | നടപ്പു: |
| 50 | 25 | കണ്ടതുപോലെ | മുൻകണ്ടതുപോലെ |
| 59 | 24 | പടക്കോല്പു് | പടക്കോപ്പു് |
| 60 | 13 | ഉദാ:– ഒരു ദാഹം | ഒരുവനുദാഹം |
| 74 | 1 | ആദിയോടെ | ആദിയോടന്തം |
| 74 | 2 | –പട്ടക്കാർ. വി: സഭ | പട്ടക്കാർ എന്ന സ്ഥാനികൾ വി: സഭയിൽ |

പൌരോഹിത്യം

# വേദാനുസരണമോ?

## അദ്ധ്യായം 1.

## 1. പൌരോഹിത്യം എന്നാൽ എന്ത്?

ഒരു പുരോഹിതൻ ദൈവത്തിന്നും മനുഷ്യർക്കും ഇടയിൽ—ദൈവത്തിൽ നിന്നും ദൈവീക കൃപകളെ പ്രാപിച്ചു മനുഷ്യരിൽ പകർന്നു മനുഷ്യവർഗ്ഗത്തെ ദൈവത്തിനു പ്രയോജനമുള്ളവരാക്കി ദൈവ തിരുമുമ്പാകെ സമർപ്പിക്കുന്നവനാകുന്നു.

ഏദന്റെ പറുദീസായിൽ വച്ച് ആദാം പാപം ചെയ്തു. പിതാവായ ദൈവം അവരെ തോട്ടത്തിൽ നിന്നും പുറത്താക്കി. അതിനുശേഷം പിതാവായ ദൈവത്തെ മനുഷ്യവർഗ്ഗത്തിന്നു കാണ്മാൻ കഴിഞ്ഞിട്ടില്ല. ദൈവത്തെ ആദാം അല്ലാതെ ആരും കണ്ടിട്ടുമില്ല. എന്നാൽ തോട്ടത്തിൽ വച്ചു ആദാമിനോടു കൂടെ പിതാവായ ദൈവം ഒരുമിച്ചു നടന്നതായും അപ്പോൾ ഈറെ മാലാഖമാർ അത്ഭുതപ്പെട്ടുപോയി എന്നും പാടുന്നു.

"ദൈവംസൃഷ്ടിച്ചാദത്തെ — സ്വന്തംരൂപതുല്യംസൃഷ്ടി
യായ് മണ്മയനുദ്യാനത്തിൽ — തരുനിരയിൽപോയ്വന്നീട്ട
ന്നതുകാണ്മാനുള്ളാനന്ദം — സൂക്ഷിച്ചുംകൊണ്ടേമേവി.
ക്രൂന്നീറെന്മാർ — മണ്ണിനുയർച്ചയിലാശ്ചര്യം."

(i) പിതാവായ ദൈവത്തെ ആരും കണ്ടിട്ടില്ലെന്നു വി: വേദപുസ്തകം വളരെ വെളിവായി സാക്ഷിക്കുന്നുണ്ട്.

(1) വി: യോഹന്നാൻ 1 : 18. "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏക ജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു."

(2) വി. യോഹന്നാൻ 5 : 37. "നിങ്ങൾ അവന്റെ ശബ്ദം ഒരു നാളും കേട്ടിട്ടുമില്ല. അവന്റെ രൂപം കണ്ടിട്ടുമില്ല."

(3) വി: യോഹന്നാൻ 6:46. "പിതാവിനെ ആരും കണ്ടിട്ടുണ്ടു് എന്നല്ല. ദൈവത്തിന്റെ അടുക്കൽ നിന്നു വന്നവൻ മാത്രമെ പിതാവിനെ കണ്ടിട്ടുള്ളു."

(4) 1 തീമോത്തേവോസ് 6:16 "മനുഷ്യർ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായി നിലനില്ക്കുന്നവൻ തക്കസമയത്തു ആ പ്രത്യക്ഷത വരുത്തും."

(5) 1 യോഹന്നാൻ 4:12. "ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല."

മേൽ കണ്ട 5 വേദഭാഗങ്ങളിൽ നിന്നും ദൈവത്തെ ആരും കണ്ടിട്ടില്ലെന്നും തന്നെ കാണ്മാൻ കഴികയില്ലെന്നും നാം മനസ്സിലാക്കുന്നു. അതുകൊണ്ടു തന്നെ കാണ്മാൻ കഴിയാത്ത ദൈവത്തിന്റെ സന്നിധിയിലേക്കു—അടുത്തുചെല്ലുവാൻ മനുഷ്യനെ അടുപ്പിക്കുവാൻ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥത ആവശ്യം വന്നു. അപ്രകാരമുള്ള മാദ്ധ്യസ്ഥന്മാരെ പുരോഹിതന്മാർ, ആചാര്യന്മാർ എന്നിങ്ങനെ പേർ വിളിച്ചു. ഈ സ്ഥാനികളെപ്പററിയത്രെ ഇവിടെ പ്രതിപാദിപ്പാൻ ആഗ്രഹിക്കുന്നതു്.

## 2. മാദ്ധ്യസ്ഥന്മാർ.

മാദ്ധ്യസ്ഥന്മാർ അഥവാ മാദ്ധ്യസ്ഥൻ എന്ന നില ആദ്യം മുതലെ ഉണ്ടായിരുന്നു.



ആദ്യപുസ്തകം 17:9 "പരിച്ഛേദനയുടെ നിയമം ദൈവം അബ്രാഹാമിനു കൊടുത്തു." ഇവിടെ കാണുന്നതു് ദൈവത്തിനും മനുഷ്യനും മദ്ധ്യേ അബ്രാഹാമിനെ ഒരു മാദ്ധ്യസ്ഥനായിട്ടത്രെ.

ആദ്യപുസ്തകം 14 : 18—20 "മൽക്കീസേദേക്ക അപ്പവും വീഞ്ഞും കൊണ്ടുവന്നു. അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു. അവൻ അവനെ അനുഗ്രഹിച്ചു. സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി അത്യുന്നതനായ ദൈവത്താൽ അബ്രാം അനുഗ്രഹിക്കപ്പെട്ടവനാകട്ടെ. നിന്റെ ശത്രുക്കളെ നിന്റെ കയ്യിൽ ഏല്പിച്ച അത്യുന്നതനായ ദൈവം സ്തുതിക്കപ്പെട്ടവനാകട്ടെ." എന്നു പറഞ്ഞു.

ഇവിടെ മൽക്കീസെദേക്ക ദൈവത്തിന്റെ മാദ്ധ്യസ്ഥനായി അബ്രാഹാമിനെ അനുഗ്രഹിക്കുന്നു. ജനത്തിന്റെയും അബ്രാഹാമിന്റെയും മാദ്ധ്യസ്ഥനായി ദൈവത്തെ സ്തുതിക്കുന്നു.

പുറപ്പാടു് 14:15 "യഹോവാ മോശയോടു അരുളിച്ചെയ്തു. നീ എന്നോടു നിലവിളിക്കുന്നതു് എന്തു്? മുമ്പോട്ടു പോകുവാൻ യിസ്രായേൽ മക്കളോടു പറക."

പുറപ്പാടു് 20 : 1 "ഇവിടെ കാണുന്ന ന്യായപ്രമാണങ്ങൾ പത്തും മോശയെ ദൈവം ഏല്പിച്ചു." 19-ാം വാക്യത്തിൽ ജനം മോശയോടു "നീ ഞങ്ങളോടു സംസാരിക്ക. ഞങ്ങൾ കേട്ടുകൊള്ളാം" എന്നു പറഞ്ഞു.

മേൽ കാണിച്ച ഭാഗങ്ങൾകൊണ്ടു് ജനത്തിനും ദൈവത്തിനും ഇടയിൽ മാദ്ധ്യസ്ഥത ഉണ്ടായിരുന്നുവെന്നും അതു ആവശ്യമായിരുന്നുവെന്നും നാം കാണുന്നതിനാൽ ഈ സ്ഥാനം ആരംഭം മുതൽ നിലനിന്നു വന്നിരുന്നു എന്നു നമുക്കു മനസ്സിലാക്കാം. ഇതുകൊണ്ടു ദൈവം നേരിട്ടു പ്രത്യക്ഷപ്പെടാതിരിക്കുന്നതിനാലും പ്രത്യക്ഷപ്പെടുക എന്നുള്ളതു സംഭവ്യമല്ലാത്ത

കാര്യമാകയാലും ഈ മാദ്ധ്യസ്ഥതയെ താൻ സ്ഥിരപ്പെടുത്തി. ആ മാദ്ധ്യസ്ഥതക്കു പൗരോഹിത്യം എന്നോ ആചാര്യത്വം എന്നോ പേരായി. എന്നാൽ ഇവിടെ ഒരു ചോദ്യം ഉന്നയിക്കുന്നതു ആ മാദ്ധ്യസ്ഥത ക്രിസ്തുയേശുവിൽ അവസാനിക്കുകയും കർത്താവായ യേശുതമ്പുരാൻ നിത്യമാദ്ധ്യസ്ഥനായി തീരുകയും ചെയ്തില്ലേ? എന്നാണു്. അതുകൊണ്ടു ക്രിസ്തീയ പുരോഹിതന്മാർ ആവശ്യമില്ലല്ലോ. ഈ ചോദ്യത്തിനു പിന്നീടു മറുപടി പറഞ്ഞുകൊള്ളാം. എന്നാൽ പഴയനിയമ പൗരോഹിത്യത്തെ സംബന്ധിച്ചു് ഇവിടെ നമുക്കു കൂടുതലായി ചിന്തിക്കേണ്ടിയിരിക്കുന്നു.

# അദ്ധ്യായം 2.

## 1. മതവും പൗരോഹിത്യവും.

ഇന്നു ലോകത്തിലേക്കു നാം നോക്കുന്നതായാൽ രണ്ടുതരം മതങ്ങളെ നമുക്കു കാണാം.

(i) ദൈവസാന്നിദ്ധ്യപ്രേരിതമതം.

(ii) മനുഷ്യചിന്താപ്രേരിതമതം.

ആദ്യത്തേതിൽ—ദൈവത്തിന്റെ പ്രമാണങ്ങൾ ഉൾക്കൊള്ളുന്നു. അതിൽ പൗരോഹിത്യം ഉണ്ടു്. രണ്ടാമത്തേതിൽ- ഭൗമീക സിദ്ധാന്തങ്ങൾ മാത്രം ഉൾക്കൊണ്ടിരിക്കും. അതിൽ പുരോഹിതന്മാർക്കു പകരം നേതാക്കൾ ഉണ്ടായിരിക്കുമെന്നു മാത്രം. ഇവിടെ പ്രതിപാദ്യവിഷയമാകുന്നതു് ആദ്യത്തേതായ ദൈവപ്രേരിത സാന്നിദ്ധ്യമതത്തെപ്പററിയാണു്. അതിനെയത്രെ മതം എന്നു വിവക്ഷിക്കുന്നതു്.

ഒരു മതമെന്നു പറയണമെങ്കിൽ അതിൽ 3 ഘടകങ്ങൾ ഉണ്ടായിരിക്കണം.

(i) ആദികാരണമായ ദൈവം.



(ii) ദൈവത്തിന്റെ പ്രമാണങ്ങൾ.

(iii) അതു നടത്തുന്നതിനുള്ള ആചാര്യന്മാർ.

ഇവ കൂടാത്തതു മതവുമല്ല. ഇവയില്ലെങ്കിൽ മതം എന്നു വിളിക്കുവാൻ സാദ്ധ്യവുമല്ല. ഈ തത്വം യിസ്രായേല്യ സഭയിൽ അഥവാ പഴയനിയമ സഭയിലും ക്രിസ്തുസഭയിലും നമുക്കു കാണുവാൻ കഴിയും. ഈ തത്വത്തിനു വിരുദ്ധമല്ല ഹിന്ദുമതവും മററു ഇതരമതങ്ങളും. ഈ തത്വത്തോടു—പൗരോഹിത്യസ്ഥാനികൾ അനാവശ്യമെന്നു വാദിക്കുന്ന—എല്ലാ ക്രിസ്തീയ വിഭാഗങ്ങളും യോജിക്കുന്നുമുണ്ടു്.

## 2. പഴയനിയമത്തിലെ

### പൗരോഹിത്യം.

പുരോഹിതൻ ഈ പദം ആദ്യമായി കാണുന്നതു് ആദ്യപുസ്തകം 14 : 18. — 20 ൽ "ശാലേം രാജാവായ മൽക്കീസദേക്കു അപ്പവും വീഞ്ഞും കൊണ്ടുവന്നു. അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു. അവൻ അവനെ അനുഗ്രഹിച്ചു."

സുറിയാനി മൽക്കുസദേക്കു മ്‌ലേക്കു ശാലീം അഫേക്കു ലഹമോ ഉഹമറോ ഉ-ഹു-കുമറോവോ ദാലോഹോ മ്‌റൈയിമോ.

ഇംഗ്ലീഷ് for he was the priest of the most high God. ഇവിടെ രണ്ടു കാര്യങ്ങൾ നമുക്കു മനസ്സിലാക്കുവാനുണ്ടു്.

1) പുരോഹിതൻ എന്ന ഒരു സ്ഥാനിയെ നാം ഇവിടെ കാണുന്നു. അവൻ ദൈവത്തിനു വേണ്ടി മനുഷ്യനെ അഥവാ വേറൊരുവനെ അനുഗ്രഹിക്കുന്നു, മനുഷ്യനുവേണ്ടി ദൈവത്തെ സ്തുതിക്കുന്നു.

2) അവൻ ദൈവത്തിൻെറ പുരോഹിതനുമാണു്. മതം എന്നാൽ—ദൈവം, പുരോഹിതൻ. ജനം ഇവ മൂന്നും ഉള്ളതും അതിൽ ദൈവത്തിൻെറ പ്രമാണങ്ങൾ ഉൾക്കൊണ്ടതുമായിരിക്കണം എന്നുള്ളതു് തർക്കമററ സംഗതിയുമാണു്. ഇവിടെ കാണുന്ന പുരോഹിതൻ അനുഗ്രഹിക്കുക, ദൈവത്തെ സ്തുതിക്കുക ഇവ മാത്രമല്ല ഒരു ശുശ്രൂഷയും കൂടി നടത്തുന്നുമുണ്ടു്. ഇതാണു് പുരോഹിതൻെറ ജോലി ഇവനാണു പുരോഹിതൻ.

## 3. യിസ്രായേൽ സഭയിലെ പുരോഹിതൻ.

(1) പുറപ്പാടു് 28 : 1 "നിൻെറ സഹോദരനായ അഹരോനെയും അവൻെറ പുത്രന്മാരെയും എനിക്കു പുരോഹിതശുശ്രൂഷ ചെയ്യേണ്ടതിന്നു യിസ്രായേൽ മക്കളുടെ ഇടയിൽ നിന്നു നിൻെറ അടുക്കൽ വരുത്തുക."

(2) ലേവ്യ: 1 : 5 "അവൻ യഹോവയുടെ സന്നിധിയിൽ കാളക്കിടാവിനെ അറുക്കേണം. അഹരോൻെറ പുത്രന്മാരായ പുരോഹിതന്മാർ അതിൻെറ രക്തം കൊണ്ടുവന്നു സമാഗമനക്കൂടാരത്തിൻെറ വാതുക്കൽ ഉള്ള യാഗപീഠത്തിന്മേൽ ചുററും തളിക്കേണം."

(3) ലേവ്യ: 1 : 9 "പുരോഹിതൻ സകലവും യാഗപീഠത്തിന്മേൽ ഹോമയാഗമായി ദഹിപ്പിക്കേണം."

(4) ലേവ്യ 1 : 11 "അഹരോൻെറ പുത്രന്മാരായ പുരോഹിതന്മാർ അതിൻെറ രക്തം യാഗപീഠത്തിന്മേൽ ചുററും തളിക്കേണം."

(5) ലേവ്യ 4:16,17. "അഭിഷിക്തനായ പുരോഹിതൻ കാളയുടെ രക്തം കുറെ സമാഗമന കൂടാരത്തിൽ കൊണ്ടുവരേ



ണം. പുരോഹിതൻ രക്തത്തിൽ വിരൽ മുക്കി യഹോവയുടെ സന്നിധിയിൽ തിരശ്ശീലക്കുമുമ്പിൽ ഏഴു പ്രാവശ്യം തളിക്കേണം."

(6) ലേവ്യ 4 : 20 "ഇങ്ങിനെ പുരോഹിതൻ അവർക്കുവേണ്ടി പ്രായശ്ചിത്തം കഴിക്കേണം."

മേൽ കാണിച്ച 6 ഭാഗങ്ങളും നാം പരിശോധിച്ചാൽ യിസ്രായേൽ സഭയിൽ പൗരോഹിത്യം ഉണ്ടായിരുന്നു; അവൻ ദൈവത്തിന്നും ജനത്തിന്നും ഇടയ്ക്കു പൗരോഹിത്യശുശ്രൂഷ നടത്തിയിരുന്നു; പിതാവായ ദൈവം അതിൽ പ്രസാദിച്ചിരുന്നുവെന്നു കാണാം. ഇതിനാൽ മതം എന്നതിൽ ദൈവവും ജനവും അതിൽ ഉള്ളതും പൗരോഹിത്യസ്ഥാനികൾ രണ്ടിനെയും സംയോജിപ്പിക്കുന്ന ശുശ്രൂഷ നടത്തുന്നവരും ആകുന്നു എന്നു നമുക്കു കാണുവാൻ കഴിയും. ഇതുകൊണ്ടു മതം ഒരുവനു് ഉണ്ടായിരിക്കണമെന്നു് ഒരുവൻ ആഗ്രഹിക്കുന്നപക്ഷം അഥവാ ഒരുവനു ദൈവം ഉണ്ടായിരിക്കണമെന്നു കരുതുന്നപക്ഷം അവനു മതവും ദൈവവും ഉണ്ടായിരിക്കണം. മതവും ദൈവവും വേണമെന്നുള്ളവനു പൗരോഹിത്യവും മതനിയമങ്ങളും ഉണ്ടായിരിക്കണം. ഇവകൾ തമ്മിൽ വേർപെടുത്തുവാൻ കഴിയാത്തതും ഒന്നിൽ ഒന്നു ലയിച്ചു കിടക്കുന്ന ഘടകങ്ങളും ആകുന്നു.

## അദ്ധ്യായം 3.
## പഴയനിയമ പൗരോഹിത്യ രീതി.

(i) ആദാംമുതൽ മോശ വരെ ഏതാണ്ടു് 1500 സംവത്സരങ്ങൾ ആദ്യപൗരോഹിത്യം ഒരേ രീതിയിൽ പോന്നു. ഈ പൗരോഹിത്യഗതിക്കു കുടുംബതലവപൗരോഹിത്യം എന്നു

ചില പണ്ഡിത പിതാക്കന്മാർ വിളിച്ചിട്ടുണ്ടു്. ആദാം പാപം ചെയ്യുകയും തോട്ടത്തിൽ നിന്നു പുറത്താക്കപ്പെടുകയും ചെയ്തതിന്റെ ശേഷം മനുഷ്യനു ദൈവത്തോടു് അടുക്കുവാൻ ഒരു ആകാംക്ഷ കാണുന്നു. അപ്രകാരമുള്ള ആകാംക്ഷയുടെ പ്രതിഫലനമായി യഹോവയെ പ്രസാദിപ്പിക്കുവാൻ ബലി അർപ്പിക്കണമെന്നുള്ള ഒരു ആഗ്രഹവും മനുഷ്യനു ഉണ്ടായി. തങ്ങളുടെ വഹകൾ എന്തോ അതിൽ ഒരംശം ദൈവത്തിനു കൊടുക്കുക അഥവാ അർപ്പിക്കുക. ആദാമിൽ ഇതു് ആരംഭിക്കുന്നതായും കാണാം. മക്കളോടു—ദൈവത്തിനു ബലി അർപ്പിക്കുവാൻ നിർദ്ദേശം കൊടുക്കുന്നു. ഹാബേലിന്റെ യാഗം ദൈവത്തിനു പ്രസാദമായി.

ആദ്യപുസ്തകം 4:25,26 അവനു ശേത്തു് എന്നു പേരിട്ടു. ശേത്തിനും ഒരു മകൻ ജനിച്ചു. അവനു് ഏനോശ് എന്നു പേരിട്ടു. 'ആ കാലത്തു് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി.' ഈ ആരാധന നടത്തി പോന്നതു കുടുംബതലവന്മാരായിരുന്നു.

ആദ്യപുസ്തകം 8 : 20 നോഹ് യഹോവയ്ക്കു് ഒരു യാഗപീഠം പണിതു. ശുദ്ധിയുള്ള സകല മൃഗങ്ങളിലും..........എടുത്തു യാഗപീഠത്തിന്മേൽ ഹോമയാഗം അർപ്പിച്ചു. യഹോവ സൗരഭ്യവാസന മണത്തപ്പോൾ യഹോവ തന്റെ ഹൃദയത്തിൽ അരുളിച്ചെയ്തതു്.........

ഇവിടെ കുടുംബത്തലവനായ നോഹ ആയിരുന്നു യാഗം വഴി യഹോവയെ പ്രസാദിപ്പിച്ചതു്. എന്നാൽ ഈ കാലത്തെ കുടുംബത്തലവന്മാരെ പുരോഹിതന്മാർ എന്നു നാമകരണം ചെയ്തിരുന്നില്ല. മോശ വരെയുള്ള കാലത്തെ 1500 സംവത്സരങ്ങളെ വളരെ അടക്കിയും ചുരുക്കിയും മാത്രമെ ഭാഗ്യവാനായ മോശ എഴുതീട്ടുള്ളു. ഈ കാലത്തെ ചരിത്രത്തിൽ രണ്ടുതരം പൗരോഹിത്യത്തെ നമുക്കു കാണുവാൻ കഴിയും.



1) മഹാപുരോഹിതൻ.
2) പുരോഹിതൻ.

# 1. മഹാപുരോഹിതൻ.

ആദ്യപുസ്തകം 14 : 18. എബ്രായ 7 : 3.

"അത്യുന്നതനായ ദൈവത്തിന്റെ മഹാപുരോഹിതൻ എന്നാകുന്നു മൽക്കിസദേക്കിനെപ്പററി ഭാഗ്യവാനായ പൗലൂസ് അപ്പോസ്തോലൻ പറയുന്നതു്. എബ്രാ: 7 : 3-ൽ അവനു പിതാവില്ല. മാതാവില്ല. വംശാവലിയില്ല. ജീവാരംഭവും ജീവാവസാനവും ഇല്ല. അവൻ ദൈവപുത്രനു തുല്യനായി എന്നേക്കും പുരോഹിതനായിരിക്കുന്നു. ഈ മൽക്കിസദേക്കു കുടുംബത്തല പുരോഹിതലോകത്തിലെ മഹാ പുരോഹിതനും ആദ്യമായി അപ്പവും വീഞ്ഞും കൊണ്ടു വി: ബലി അർപ്പിച്ചവനുമായിരുന്നു.

ഈ മഹാപുരോഹിതൻ ശാലേമിലെ രാജാവും കൂടിയാകുന്നു. ഇവൻ നമ്മുടെ കർത്താവിനു സാദൃശ്യം വഹിക്കുന്നു.

| മൽക്കിസദേക്കു്. | കർത്താവു്. |
|---|---|
| അപ്പൻ ഇല്ല. അമ്മ ഇല്ല. വംശമില്ല. ജീവാവസാനവും ജീവാരംഭവും ഇല്ല. ഇവൻ ഗോത്ര പരമ്പരയിൽ പെട്ടവനുമല്ല. ശാലേമിലെ രാജാവു—അപ്പവും വീഞ്ഞും കൊണ്ടു ബലി അർപ്പിച്ചു. | നമ്മുടെ കർത്താവിനു ലോകത്തിൽ പിതാവില്ല. ആരംഭത്തിൽ മാതാവില്ല. ആരംഭം ഇല്ല. തനിക്കു അവസാനവും ഇല്ല. താൻ സമാധാനത്തിന്റെ രാജാവു്. താനും സെഹിയോനിൽ അപ്പവും വീഞ്ഞും കൊണ്ടു ബലി അർപ്പിച്ചു. രക്താർപ്പിതബലിയെ അവസാനിപ്പിച്ചു. |

# 2. പുരോഹിതൻ

അഥവാ

# പുരോഹിതന്മാർ.

മോശവരെയുള്ള കാലങ്ങളിൽ അവരവർ അവരവർക്കു വേണ്ടിയും മററുള്ളവർക്കു വേണ്ടിയും പാപപരിഹാര ബലിയൊ സുഗന്ധവാസനാ ബലിയൊ അർപ്പിക്കുക എന്നുള്ളതായിരുന്ന സമ്പ്രദായം.

1) ആദ്യ: 21:33–22:9 "അബ്രാഹാം യിസഹാക്കിനെ ബലി അർപ്പിക്കുവാൻ കൊണ്ടുപോകുന്നു."

2) ആദ്യ: 8 : 20. "നോഹ കുടുംബത്തിനു വേണ്ടി യാഗം കഴിച്ചു."

3) ആദ്യ: 35 : 14. "യാക്കോബ് അവന്റെ കുടുംബത്തിനുവേണ്ടി ബലി അർപ്പിക്കുന്നു."

4) ഇയ്യോബ് 1.5 "പക്ഷെ എന്റെ പുത്രന്മാർ പാപം ചെയ്തു ദൈവത്തെ ഹൃദയംകൊണ്ടു ത്യജിച്ചുപോയിരിക്കും. എന്നു പറഞ്ഞു ആളയച്ചു അവരെ വരുത്തി ശുദ്ധീകരിക്കുകയും നന്നാ രാവിലെ എഴുന്നേററു അവരുടെ സംഖ്യക്കു ഒത്തവണ്ണം ഹോമയാഗങ്ങളെ കഴിക്കുകയും ചെയ്യും. ഇങ്ങിനെ എല്ലായ്പോഴും ചെയ്തുപോന്നു."

ഇത്രയും ഭാഗങ്ങൾകൊണ്ട് മോശയുടെ കാലം വരെയുള്ള പൗരോഹിത്യരീതി ഒന്നു വ്യത്യസ്ഥമായിരുന്നെന്നും ഒരു ക്രമീകരണം ഇല്ലാതെയും വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽ കൂടെയല്ലാതെയും പോന്നിരുന്നതായി നമുക്കു കാണുവാൻ കഴിയും. എന്നാൽ അതു പുതിയനിയമപൗരോഹിത്യത്തിന് ഒരു നിഴൽ ആയിരുന്നു.

---

# അദ്ധ്യായം 4.

# ലേവ്യാ പൗരോഹിത്യം.

മേൽ 3–ാം അദ്ധ്യായത്തിൽ കുടുംബതലവ പൗരോഹിത്യത്തെ നാം കണ്ടുവല്ലോ. എന്നാൽ മോശയുടെ കാലം വന്നു. യിസ്രയേല്യജനത്തിന്നു ഒരു ഉണർവ്വുണ്ടായി. അടിമത്വത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിക്കണമെന്നുള്ള ഒരു ഉണർവ്വ് അവരിൽ ഉണ്ടായി. അതോടെ അവർ മിസ്രയിമിൽ നിന്നു പുറപ്പെടുന്നു. സീനായിയിൽ എത്തുന്നു. അവിടെ വച്ച് പുറപ്പാട്: 19: 6 "നിങ്ങൾ എനിക്കു ഒരു പുരോഹിത രാജത്വവും വിശുദ്ധജനവും ആകും." ഇതിൽ 3 തത്വങ്ങൾ അഥവാ 3 കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. i) എനിക്കു. ii) പുരോഹിതരാജത്വം. iii) വിശുദ്ധ ജനം. എന്നു പറഞ്ഞാൽ ദൈവത്തിന്നു പുരോഹിത രാജത്വം ആവശ്യമാണ്. ദൈവത്തിന്നു വിശുദ്ധ ജനം ഉണ്ടാകണം. അതായതു ദൈവത്തിന്നു വിശുദ്ധജനമാകണമെങ്കിൽ അതിൽ പൗരോഹിത്യം ഉണ്ടായിരിക്കണം. ഇതാണു അടിമത്വത്തിൽ നിന്നും വേർപെടുന്ന–ദൈവത്തോടു ചേരുന്ന–വിശുദ്ധ ജനത്തിന്റെ ലക്ഷണം. അതിൽ പൗരോഹിത്യസ്ഥാനികൾ ഉണ്ടായിരിക്കണം. തീർച്ചയായ സത്യവുമാണ്. ഇതുതന്നെയാണു ക്രിസ്തുസഭയുടെയും ലക്ഷണം. അതു പിന്നാലെ നമുക്കു ചിന്തിക്കാം.

സംഖ്യ 3:5–11 വരെ ഭാഗങ്ങൾ വായിച്ചാൽ "യഹോവാ പിന്നെയും മോശയോടു അരുളിച്ചെയ്തതു എന്തെന്നാൽ യിസ്രായേൽ മക്കളുടെയിടയിൽ പാർക്കുന്ന എല്ലാ കടിഞ്ഞൂലിനും പകരം ഞാൻ ലേവ്യരെ യിസ്രായേൽ മക്കളിൽ നിന്നും എടുത്തിരിക്കുന്നു". ഈ ലേവ്യ വംശം യഹോവയുടെ വകയാകുന്നു. ഇവരിൽനിന്നും യഹോവക്കു പുരോഹിതന്മാരെ തിരഞ്ഞെടുക്കേണം. അതുവരെ നിലനിന്നിരുന്ന കുടുംബ തല

വന്മാരുടെ പൌരോഹിത്യം നിറുത്തലാക്കിയിട്ടു പുതിയ പൌരോഹിത്യ വഴിയെ തുറന്നു. ഈ ലേവ്യാ പൌരോഹിത്യത്തിലും രണ്ടു തരത്തിലുള്ള സ്ഥാനികളെ നമുക്കു കാണുവാൻ കഴിയും.

1) മഹാപുരോഹിതൻ. 2) പുരോഹിതന്മാർ.

1) മഹാപുരോഹിതൻ. ലേവിയുടെ മകനായ കെഹാത്തിന്റെ മകനായ അഹറോൻ മഹാപുരോഹിതനായി.

പുറപ്പാടു് 28 : 1 "നിന്റെ സഹോദരനായ അഹറോനെയും അവന്റെ പുത്രന്മാരെയും എനിക്കു പുരോഹിതശുശ്രൂഷ ചെയ്യേണ്ടതിന്നു യിസ്രായേൽ മക്കളുടെ ഇടയിൽനിന്നു നിന്റെ അടുക്കൽ വരുത്തുക."

ലേവ്യ 8 : 6 മോശ "അഹറോനെയും പുത്രന്മാരെയും അടുക്കൽ വരുത്തി. അവരെ വെള്ളംകൊണ്ടു കഴുകി. അഹറോനെ ഉള്ളങ്കി ധരിപ്പിച്ചു. നടുക്കെട്ടു കെട്ടിച്ചു. അങ്കി ധരിപ്പിച്ചു. ഏഫോദു ധരിപ്പിച്ചു. ഏഫോദിന്റെ ചിത്രപ്പണിയായ നടുക്കെട്ടു കെട്ടിച്ചു. അതിനാൽ അതു മുറുക്കി. അവനെ പതക്കം ധരിപ്പിച്ചു. പതക്കത്തിൽ ഊറീമും തുമ്മീമും വെച്ചു. അവന്റെ തലയിൽ മുടി വച്ചു. മുടിയുടെ മുൻവശത്തു വിശുദ്ധ കിരീടമായ പൊൻപട്ടം വച്ചു. 12-ാം വാക്യം. അവൻ അഹറോന്റെ തലയിൽ അഭിഷേകതൈലം ഒഴിച്ചു അവനെ അഭിഷേകം ചെയ്തു ശുദ്ധീകരിച്ചു." ഈ ഭാഗങ്ങൾ കൊണ്ടു—ഒരു മഹാപുരോഹിതന്റെ സ്ഥാനാഭിഷേക ചടങ്ങും—മഹാപുരോഹിതൻ ധരിക്കേണ്ടതായ സ്ഥാനവസ്ത്രങ്ങളുടെ വിവരണങ്ങളും എത്ര മഹിമയേറിയതു് ആകുന്നു എന്നു നമുക്കു കാണാം. ഈ ശുശ്രൂഷക്കു—സർവ്വയിസ്രായേൽ ജനവും സഭയിൻ കൂടാരത്തിന്റെ വാതിൽക്കൽ—കൂട്ടംകൂടി നില്ക്കുന്നു. മോശ അതു നടത്തുന്നു. അങ്ങിനെ മഹാപുരോഹിതൻ ഉണ്ടാകുന്നു.



## 2 മഹാപുരോഹിതന്റെ ജോലി.

ലേവ്യ 16-ാം അദ്ധ്യായം. എബ്രാ: 9-ാം അദ്ധ്യായം.

ആണ്ടിൽ ഒരിക്കൽ മഹാവിശുദ്ധസ്ഥലത്തു യിസ്രായേൽ സഭക്കു മുഴുവനും വേണ്ടിയും മഹാപുരോഹിതനുവേണ്ടിയും പാപപരിഹാരബലി അർപ്പിക്കുകയും അസ്സസ്സയേലിനുള്ള ആട്ടുകൊററനെ മരുഭൂമിയിൽ അയക്കുകയും അതിനെ തുടർന്നു സുഗന്ധവാസനാബലി അഥവാ ഹോമയാഗബലി അർപ്പിച്ചു ജനത്തെ അനുഗ്രഹിക്കയും ചെയ്കയെന്നുള്ളതാകുന്നു. ഇതു മഹാപുരോഹിതനല്ലാതെ മററാക്കും ചെയ്യുവാൻ പാടില്ല. ഈ മഹാപുരോഹിതന്റെ ബലി നമ്മുടെ കർത്താവിന്റെ തിരുബലിയുടെ സാദൃശ്യമാകുന്നു. അതത്രെ ഭാഗ്യവാനായ പൌലൂസ്സ് ശ്ലീഹാ രണ്ടു ബലിയെയും വിവരിച്ചു സാദൃശ്യപ്പെടുത്തിയിരിക്കുന്നതു്.

## 3 പുരോഹിതന്മാർ.

ലേവിഗോത്രത്തിലെ പുരോഹിതന്മാർ ആദ്യമായി അഭിഷേകം ചെയ്യപ്പെടുന്നതു അഹറോന്റെ മക്കളെ ആയിരുന്നു.

ലേവ്യ 8: 13 "മോശ അഹറോന്റെ പുത്രന്മാരെ വരുത്തി അങ്കി ധരിപ്പിച്ചു. നടുക്കെട്ടു കെട്ടിച്ചു. തലപ്പാവും ഇടുവിച്ചു."

പുറപ്പാടു് 28: 1 "നിന്റെ സഹോദരനായ അഹറോനെയും അവന്റെ പുത്രന്മാരെയും എനിക്കു പുരോഹിതശുശ്രൂഷ ചെയ്യേണ്ടതിന്നു യിസ്രായേൽ മക്കളുടെ ഇടയിൽനിന്നു നിന്റെ അടുക്കൽ വരുത്തുക."

## 4 പുരോഹിതന്മാരുടെ ജോലി.

സഭയിൻ കൂടാരത്തിൽവച്ചു (മഹാശുദ്ധസ്ഥലത്തുവച്ചല്ല) പാപിക്കുവേണ്ടി – ആളാംപ്രതി – പാപപരിഹാരബലിയും ഹോമയാഗബലിയും അർപ്പിക്കുക. ഇവരെ ഇടയന്മാരെന്നു വിളിച്ചിരുന്നു. പഴയനിയമ സഭയിൽ ഈ വേർതിരിക്കപ്പെട്ട പുരോഹിതന്മാർ ഉണ്ടായിരുന്നു.

1 ദിനവൃത്താ: 13: 2-4 "യിസ്രായേൽ ദേശത്തു എല്ലാടവുമുള്ള നമ്മുടെ ശേഷം സഹോദരന്മാരും അവരോടുകൂടെയുള്ള പട്ടണങ്ങളിൽ പാർക്കുന്ന പുരോഹിതന്മാരും ലേവ്യരും നമ്മുടെ അടുക്കൽ വന്നുകൂടേണ്ടതിന്നു എല്ലാടവും ആളയക്കുക."

യിറമിയാ 3: 15 "ഞാൻ നിങ്ങൾക്കു എന്റെ മനസ്സിന്നൊത്തവണ്ണം ഇടയന്മാരെ തരും. അവർ നിങ്ങളെ ജ്ഞാനത്തോടും ബുദ്ധിയോടും കൂടെ മേയ്ക്കും."

യിറമിയാ: 31: 14 "ഞാൻ പുരോഹിതന്മാരുടെ പ്രാണനെ പുഷ്ടി കൊണ്ടു തണുപ്പിക്കും."

യെശയ്യാ 61 : 6 "നിങ്ങളോ യഹോവായുടെ പുരോഹിതന്മാർ എന്നു വിളിക്കപ്പെടും. നമ്മുടെ ദൈവത്തിന്റെ ശുശ്രൂഷകന്മാർ എന്നു നിങ്ങൾക്കു പേരാകും. നിങ്ങൾ ജാതികളുടെ സമ്പത്തു അനുഭവിച്ചു അവരുടെ മഹത്വത്തിന്നു അവകാശികൾ ആയിത്തീരും."

ഈ ഭാഗങ്ങളിൽ എല്ലാ യിസ്രായേൽജനവും പുരോഹിതന്മാരല്ല. ലേവിഗോത്രം മുഴുവനും പുരോഹിതന്മാരല്ല. പിന്നെയോ അതിൽ തിരഞ്ഞെടുക്കപ്പെട്ടവരും അഭിഷേകം ചെയ്യപ്പെട്ടവരും മാത്രമെ പുരോഹിതരാകുകയുള്ളു എന്നും അവരെ ഇടയന്മാർ എന്നു വിളിക്കപ്പെട്ടിരുന്നുവെന്നും നമുക്കു പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിയും.



ഇപ്രകാരമുള്ള ശ്രേഷ്ഠ പൗരോഹിത്യത്തിന്നു അതെ— യഹോവാ കല്പിച്ചാക്കിയ പൗരോഹിത്യത്തിന്നു എതിരായി ചിലർ സ്വയം പുരോഹിതവേഷവും ജോലിയും. എടുത്തു. സംഖ്യ 16-ാം അദ്ധ്യായത്തിൽ കോറഹ് — ദാഥാൻ അബീറാം ഇവർ സ്വയം പുരോഹിതന്മാർ എന്നു പറഞ്ഞു ധൂപം കാട്ടി. അഹറോന് എതിരായി പ്രവൃത്തിച്ചു. അതിന്റെ ഫലമെന്തായി? യഹോവാ കോപിച്ചു. ഭൂമി പിളർന്നു. അവരെയും അവർക്കുള്ളവരേയും വിഴുങ്ങിക്കളഞ്ഞു.

എന്നാൽ ഒരു കാര്യം നാം ഇവിടെ അറിയേണ്ടതുണ്ട്. ലേവ്യാഗോത്രത്തെ വിശുദ്ധജനമായി—തിരഞ്ഞെടുക്കപ്പെട്ട ജാതിയാക്കി യഹോവാ ഉയർത്തിയിരുന്നു. അവരെ സഭയിൻ കൂടാരത്തിലെ ശുശ്രൂഷാജോലി ചെയ്യുന്നതിന്നു നിയമിച്ചാക്കപ്പെട്ടിരുന്നു. അവർ പുരോഹിതന്മാരെയും മഹാപുരോഹിതനേയും സഹായിക്കുകയും ചെയ്യേണ്ട ജോലിയും അവർക്കുണ്ടായിരുന്നു. ഇവർ ഓരോരുത്തർക്കും സ്വന്തം പാപത്തിന്നുവേണ്ടി ബലിസാധനം കൊണ്ടുവന്നു ബലി അർപ്പിക്കാം. പക്ഷെ ബലിയുടെ രക്ത ശുശ്രൂഷ പുരോഹിതന്മാർ നടത്തി ബലി പൂർത്തിയാക്കേണ്ടിയിരുന്നു. സംഖ്യ 3-ാം അദ്ധ്യായം വായിച്ചാൽ ഈ കാര്യം നമുക്കു വിശദമായി മനസ്സിലാക്കാം. ഇത്രയും സംഗതികളെ പഴയനിയമ പൗരോഹിത്യത്തെപ്പറ്റി വിശദീകരിച്ചുകൊണ്ടു പുതിയനിയമ പൗരോഹിത്യത്തിലേക്കു നമുക്കു പ്രവേശിക്കാം.

---

# അദ്ധ്യായം 5.

## പുതിയനിയമ പൗരോഹിത്യം.

ക്രിസ്തീയ പൗരോഹിത്യത്തെപ്പററി നാം ചിന്തിക്കുമ്പോൾ ഒരു കാൎയ്യം അറിയേണ്ടതുണ്ടു്. പുതിയനിയമം പഴയനിയമത്തിന്റെ പൊരുളും പഴയനിയമം പുതിയനിയമത്തിന്റെ നിഴലും ആണെന്നുള്ളതാണു്. പുതിയനിയമം മാത്രം നമ്മുടെ മതത്തിന്റെ അടിസ്ഥാനവും അല്ല. പഴയനിയമത്തെ കൂടാതെ പുതിയനിയമം നില്ക്കുന്നില്ല. ഭാഗ്യവാനായ പൗലൂസപ്പസ്തോലൻ വളരെ ഭംഗിയായി പഴയനിയമത്തെയും പുതിയനിയമത്തേയും ഘടിപ്പിച്ചിരിക്കുന്നതു എബ്രായ ലേഖനം വായിച്ചാൽ നമുക്കു മനസ്സിലാകും. ഈ കാലത്തു ചില ക്രിസ്തീയ സഹോദരങ്ങൾ അവരുടെ നിലനില്പിന്നു എന്നു തോന്നുന്ന പുതിയതുമാത്രം എടുത്തു തങ്ങൾക്കു അതുമതിയെന്നു പറയും. അവരും ചില സന്ദർഭങ്ങളിൽ പഴയതു എടുക്കുകയും ചെയ്യും. ഒരു കാൎയ്യം തീർച്ചതന്നെ — ക്രിസ്തുമതം നിലനിർത്തണമെങ്കിൽ പഴയനിയമംകൂടാതെ സാദ്ധ്യമാകയില്ല.

## 1 പുതിയനിയമ പൗരോഹിത്യം.

പുതിയനിയമ പൗരോഹിത്യം നാം പരിശോധിച്ചാൽ പഴയനിയമ പൗരോഹിത്യവുമായി വളരെ ബന്ധിച്ചു ഏകരീതിയിൽ യോജിച്ചു പോരുന്നതായി നമുക്കു കണ്മാൻ കഴിയും.

1) ഗലാത്യ 4: 21–31 വരെ ഭാഗങ്ങൾ "ന്യായപ്രമാണത്തിൻ കീഴിൽ ഇരിപ്പാൻ ഇച്ഛിക്കുന്നവരെ! നിങ്ങൾ ന്യായപ്രമാണം കേൾക്കുന്നില്ലയോ?"

2) കൊലോസ്യ 2: 16, 17 "അതുകൊണ്ടു ഭക്ഷണപാനിയങ്ങൾ സംബന്ധിച്ചോ പെരുന്നാൾ വാവു് ശബ്ബത്തു് എന്നി



കാൎയ്യത്തിലോ ആരും നിങ്ങളെ വിധിക്കരുതു്. ഇവ വരുവാനിരിക്കുന്നവയുടെ നിഴലത്രേ."

3) എബ്രാ: 8: 5 "കൂടാരം തീർപ്പാൻ മോശ ആരംഭിച്ചപ്പോൾ പൎവ്വതത്തിൽനിനക്കു കാണിച്ച മാതൃകാപ്രകാരം നീ സകലവും ചെയ്വാൻ നോക്കുക എന്നു അവനോടു അരുളിച്ചെയ്തതുപോലെ അവർ സ്വർഗ്ഗത്തിന്റെ ദൃഷ്ടാന്തവും നിഴലുമായതിൽ ശുശ്രൂഷ ചെയ്യുന്നു."

4) എബ്രാ: 10: 1 "ന്യായപ്രമാണം വരുവാനിരിക്കുന്ന നന്മകളുടെ നിഴലല്ലാതെ കാൎയ്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്കകൊണ്ടു്........"

ഇത്രയും ഭാഗങ്ങൾ കൊണ്ടു് പഴയനിയമം അഥവാ ന്യായപ്രമാണം പുതിയനിയമത്തിന്റെ നിഴലായിരുന്നുവെന്നു നമ്മെ സത്യമായി ഉപദേശിക്കുന്നു.

## 2 പുതിയനിയമത്തിലും 2 സ്ഥാനികൾ ഉണ്ടു്.

1) മഹാപുരോഹിതൻ. 2) പുരോഹിതന്മാർ.

മഹാപുരോഹിതൻ. പുതിയനിയമത്തിന്റെ മഹാപുരോഹിതൻ — നമ്മുടെ കർത്താവു തന്നെയാകുന്നു. അഹറോൻ ആണ്ടിൽ ഒരിക്കൽ സൎവ്വജനത്തിന്നും വേണ്ടി പാപപരിഹാര ബലിയും സുഗന്ധവാസനാബലി അഥവാ ഹോമയാഗബലി അർപ്പിച്ചിരുന്നതുപോലെ നമ്മുടെ രക്ഷകനും മഹാവിശുദ്ധസ്ഥലമാകുന്ന പിതാവിന്റെ സന്നിധിയിൽ ഒരിക്കലായി പഴയനിയമത്തിന്നും പുതിയനിയമത്തിന്നും വേണ്ടി — രണ്ടു ബലികളും ഒന്നിച്ചുചേർത്തു — ഒരുബലിയായി അർപ്പിച്ചു. താൻ മൽക്കിസദേക്കിന്റെ ക്രമപ്രകാരം വന്നു— അഹറോനാകുന്ന മഹാപുരോഹിതനിലയിൽ താൻ തന്നെയാകുന്ന ആട്ടുകൊററന്മാരുടെ അതെ അസ്സസ്സയേലിൻ ആട്ടു

കൊററനും കൂടി താൻ തന്നെയായി–തന്നെത്തന്നെ ബലിയർപ്പിച്ചു. ഇവിടെ ഒരു വ്യത്യാസമേയുള്ളു. താൻ തന്നെ മഹാപുരോഹിതൻ, താൻ തന്നെ ബലിസാധനം. താൻ തന്നെ അർപ്പിച്ചു.

1) എബ്രാ: 5.6 "നീ മൽക്കിസദേക്കിന്റെ ക്രമപ്രകാരം എന്നെക്കും ഒരു മഹാപുരോഹിതൻ തന്നെ."

2) എബ്രാ; 5: 10 "മൽക്കിസദേക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതൻ എന്നുള്ള നാമം ദൈവത്താൽ ലഭിച്ചിരിക്കുന്നു."

3) എബ്രാ: 9: 11 "ക്രിസ്തുവോ വരുവാനിരിക്കുന്ന നന്മകളുടെ മഹാപുരോഹിതനായി വന്നിട്ടു–കൈപ്പണിയല്ലാത്തതായി എന്നുവച്ചാൽ–ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽ കൂടെ ആട്ടുകൊററന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല–സ്വന്തം രക്തത്താൽതന്നെ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു എന്നെക്കുമുള്ളോരു വീണ്ടെടുപ്പു സാധിച്ചു."

4) എബ്രായ 4 : 14 "ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽ കൂടെ കടന്നുപോയോരു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്കുള്ളതുകൊണ്ടു നാം നമ്മുടെ സ്വീകാരം മുറുകെ പിടിച്ചുകൊള്ളുക."

മേൽപറഞ്ഞ ഭാഗങ്ങൾ നാം പരിശോധിച്ചാൽ നമ്മുടെ കർത്താവു് മൽക്കിസദേക്കിൻ മഹാപൗരോഹിത്യവും അഹറോന്യ മഹാപൗരോഹിത്യവും ഒരുമിച്ചു തന്നിൽ ആക്കിയ മഹാപുരോഹിതനാകുന്നു. താൻ മൽക്കിസദേക്കിൻ ക്രമപ്രകാരം അപ്പവും വീഞ്ഞും കൊണ്ടുവന്നു. അഹറോനെപ്പോലെ കൃപാസനത്തിൽ രക്തം തളിച്ചു. നമ്മെ രക്ഷിച്ച ശ്രേഷ്ഠ മഹാപുരോഹിതനാകുന്നു.



2 പുരോഹിതന്മാർ പുതിയനിയമത്തിൽ ഒരു മഹാപുരോഹിതൻ ഉണ്ടെന്നു നാം കണ്ടുകഴിഞ്ഞു. "ഒരു മഹാപുരോഹിതൻ ഉണ്ടു്." എന്നു വന്നാൽ അതിന്റെ പിന്നാലെ പുരോഹിതൻ അഥവാ പുരോഹിതന്മാർ ഉണ്ടെന്നുള്ളതു തീർച്ചയാണു്. പുരുഷൻ ഉണ്ടെന്നു പറഞ്ഞാൽ സ്ത്രീ ഉണ്ടെന്നു തീർച്ചയല്ലെ? മഹാപുരോഹിതൻ ഉണ്ടെന്നു പറഞ്ഞാൽ അഥവാ സമ്മതിച്ചാൽ സഭ ഉണ്ടെന്നും സഭ ഉണ്ടെന്നു വന്നാൽ ആരാധകർ അഥവാ സഭാംഗങ്ങൾ ഉണ്ടെന്നും തീർച്ചയാണു്.

I) ക്രിസ്തീയ പുരോഹിതന്മാർ അനാവശ്യമെന്നു പറയുന്ന ചില ക്രിസ്തീയ വിഭാഗങ്ങൾ ഉണ്ടു്. അവരുടെ വാദം (എന്റെ അറിവു തെററല്ലെങ്കിൽ)

(i) പുതിയനിയമത്തിൽ പുരോഹിതൻ എന്ന പദം ഇല്ല.

(ii) ക്രിസ്തു മാത്രമെ പുരോഹിതനായിട്ടുള്ളു.

(iii) പുതിയനിയമശുശ്രൂഷകർ മറെറാരുത്തനുവേണ്ടി ബലിശുശ്രൂഷകൾ നടത്തുന്നില്ല.

(iv) ക്രിസ്തു എന്ന മഹാപുരോഹിതൻ ഉള്ളതിനാൽ വേറൊരു മാദ്ധ്യസ്ഥൻ ആവശ്യമില്ല. ഈ 4 വാദമുഖങ്ങൾക്കും നാം മറുപടി കാണേണ്ടിയിരിക്കുന്നു.

(1) അപ്പോസ്തോലർ പുരോഹിതന്മാരായിരുന്നു.

റോമർ 15 : 15 "എങ്കിലും ജാതികൾ എന്ന വഴിപാടു് പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടു പ്രസാദകരമായി തീരുവാൻ ഞാൻ ദൈവത്തിന്റെ സുവിശേഷഘോഷണം ഒരു പുരോഹിതനായി അനുഷ്ഠിച്ചുകൊണ്ടു ജാതികളിൽ ക്രിസ്തുയേശുവിന്റെ ശുശ്രൂഷകനായിരിക്കേണ്ടതിനു ദൈവം എനിക്കു നൽകിയ കൃപനിമിത്തം........." ഇവിടെ നാം കാണുന്നതു്—ഭാഗ്യവാനായ പൗലോസ് അപ്പോസ്തോലൻ സ്വയമായി അഭിമാനിച്ചു പറയുന്നു—ഞാൻ ജാതികൾ എന്ന വഴിപാടു് — ഒരു പുരോഹിതനായി അനുഷ്ഠിക്കുന്നുവെന്നു്.

തന്മൂലം പുതിയ നിയമത്തിൽ പുരോഹിതൻ ഉണ്ടെന്നുള്ളതു തീർച്ചയാണു്.

2) കർത്താവു മാത്രമെ പുരോഹിതനായിട്ടുള്ളുവെന്നു അല്ല കർത്താവു പുരോഹിതനല്ല. മഹാപുരോഹിതനാണു്. നാം പുരോഹിതനെപ്പററിയാണു് ചിന്തിക്കുന്നതു്.

3) ഒന്നാം ചോദ്യത്തിന്നു ഉത്തരമായ റോമർ 15: 15ൽ തന്നെ മററുള്ളവൎക്കുവേണ്ടി ഏതോ വഴിപാടു് അർപ്പിക്കുന്നുവെന്നു കാണുന്നു. അതുകൊണ്ടു് പുരോഹിതൻെറ ജോലി പഴയനിയമ ലേവ്യാപുരോഹിതൻെറ ജോലി തന്നെയാണു് പൗലൂസ്സ്ശ്ലീഹാ നിവ്വഹിക്കുന്നതു് എന്നു തെളിയിച്ചു കാണിക്കുന്നു.

4) മദ്ധ്യസ്ഥന്മാർ വേറെ വേണ്ട. കർത്താവു് എന്ന മാദ്ധ്യസ്ഥൻ ഉണ്ടു്. ഈ ചോദ്യം വളരെ ആശ്ചര്യം ഉണ്ടാക്കുന്നതാണു്. കാരണം നമ്മുടെ കർത്താവു തനിക്കും ജനത്തിനും ഇടക്കു മദ്ധ്യസ്ഥന്മാരെ നിയമിച്ചതായി എത്ര എത്ര തെളിവുകൾ ഉണ്ടു്.

(i) കാനാവിലെ കല്യാണത്തിന്നു വീഞ്ഞു കുറഞ്ഞപ്പോൾ– തൻെറ പ്രിയ മാതാവു തന്നോടു–ഇവിടെ വീഞ്ഞുതീർന്നുപോയി മകനെ! എന്നു പറഞ്ഞു. മാദ്ധ്യസ്ഥത സ്വീകരിക്കാത്ത കർത്താവു ആയിരുന്നുവെങ്കിൽ–അമ്മേ! എന്നോടു പറയണ്ട. ഈ വീട്ടുകാർ എന്നോടു നേരിട്ടു പറയട്ടെ എന്നു തനിക്കു പറയാമായിരുന്നല്ലേ? താൻ അതു പറയുന്നില്ല. മാദ്ധ്യസ്ഥത സ്വീകരിക്കുന്നു.

(ii) നടപ്പു 9: 5,6 "നീ ഉപദ്രവിക്കുന്ന യേശുവാകുന്നു ഞാൻ. നീ എഴുന്നേററു പട്ടണത്തിൽ ചെല്ലുക. നീ ചെയ്യേണ്ടതു അവിടെ വച്ചു നിന്നോടു പറയും എന്നു അവൻ പറഞ്ഞു."

(iii) നടപ്പു 10: 4 "എന്താകുന്നു കർത്താവേ! എന്നു ചോദിച്ചു. അവൻ അവനോടു നിൻെറ പ്രാർത്ഥനയും ധമ്മ



വും ദൈവത്തിൻെറ മുമ്പിൽ എത്തിയിരിക്കുന്നു. ഇപ്പോൾ യോപ്പായിലേക്കു ആൾ അയച്ചു പത്രോസ്സ് എന്നു മറുപേരുള്ള ശീമോനെ വരുത്തുക. മേൽ കാണിച്ച 3 ഭാഗങ്ങൾ നാം നോക്കിയാൽ 1) നേരിട്ടു മദ്ധ്യസ്ഥത സ്വീകരിക്കുന്നു. 2) നേരിട്ടു വിളിച്ചു എങ്കിലും അനന്തരകാൎയ്യങ്ങൾക്കു ഒരു മദ്ധ്യസ്ഥൻെറ അടുക്കലേക്കു അയക്കുന്നു. 3) തൻെറ ദൂതനെക്കൊണ്ടു (ഒരു മദ്ധ്യസ്ഥൻ) സ്വർഗ്ഗത്തിൽനിന്നും വിളിപ്പിച്ചു–നേരിട്ടു കാൎയ്യങ്ങൾ നിവ്വഹിക്കാതെ ഒരു മാദ്ധ്യസ്ഥനെ ഏല്പിക്കുന്നു. ഇതു കൊണ്ടു കർത്താവും തന്നോടുകൂടെ മാദ്ധ്യസ്ഥന്മാരും ഉണ്ടായിരുന്നു എന്നുള്ള യഥാർത്ഥമല്ലേ?

വേറൊരു ചോദ്യം പൊതുവായിട്ടുണ്ടു്.

1 പത്രോസ്സ് 2: 9 ൽ എല്ലാവരും പുരോഹിതവർഗ്ഗത്തിൽപ്പെട്ടവരാകകൊണ്ടു് ഒരു പ്രത്യേക പുരോഹിതൻ ആവശ്യമുണ്ടോ?

1 ദിനവൃത്താന്തം 13: 2-4 "യിസ്രായേൽ ദേശത്തു എല്ലാടവുമുള്ള നമ്മുടെ ശേഷം സഹോദരന്മാരും അവരോടുകൂടെ പട്ടണങ്ങളിൽ പാൎക്കുന്ന പുരോഹിതന്മാരും ലേവ്യരും നമ്മുടെ അടുക്കൽ വന്നുകൂടേണ്ടതിന്നു എല്ലാടവും ആളയക്കുക. പഴയനിയമത്തിൽ ലേവ്യാഗോത്രത്തിൽ നിന്നായിരുന്നു പുരോഹിതന്മാരെ തിരഞ്ഞെടുത്തിരുന്നതു്. എന്നാലോ ലേവ്യാഗോത്രമായിരുന്നതു നിമിത്തം എല്ലാ ലേവ്യരും പുരോഹിതന്മാർ ആയിരുന്നില്ല. മേൽ വാക്യത്തിൽ ലേവ്യരും പുരോഹിതന്മാരും എന്നു പറയുമ്പോൾ ലേവ്യർ പുരോഹിതന്മാർ ആയിരുന്നില്ല എന്നുള്ളതാണല്ലോ നാം മനസ്സിലാക്കേണ്ടതു്. ഇതു പോലെയാണു് 1 പത്രോസ്സ് 2: 5 ദൈവത്തിന്നു പ്രസാദമുള്ള ആത്മീകയാഗം കഴിപ്പാൻ തക്കവണ്ണം വിശുദ്ധ പുരോഹിതവർഗ്ഗവും 1 പത്രോസ് 2: 9 "നിങ്ങളെ വിളിച്ചവൻെറ സൽഗുണങ്ങളെ ഘോഷിപ്പാൻ

തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു.” ഇവിടെ ആ വർഗ്ഗത്തിന്റെ വിശേഷണങ്ങൾ ഭാഗ്യവാനായ ശ്ലീഹാ പറയുകയാണു. പഴയനിയമത്തിൽ യാക്കോബിന്റെ 12 മക്കളുടെ 12 ഗോത്രങ്ങളിൽ ഒരു ഗോത്രത്തിനു അതെ ലേവ്യാഗോത്രത്തിനു മാത്രം പൗരോഹിത്യം കൊടുത്തു. വേറെ ഒരു ഗോത്രത്തിൽപ്പെട്ടവനെയും പുരോഹിതനാക്കുവാൻ പാടില്ല. ലേവ്യാഗോത്രത്തിൽ ജനിച്ചവനു മാത്രമെ പൗരോഹിത്യസ്ഥാനത്തേക്കു നിയമിക്കുവാൻ പാടുള്ളു. എന്നാൽ പുതിയനിയമത്തിൽ ഒരു വ്യത്യാസം വരുത്തിയിട്ടുണ്ടു്. സകല സ്വജാതി–പുറജാതികളെയും വി: മാമോദീസാവഴി ഒരു ഗോത്രമാക്കി. അതെ! ലേവ്യാഗോത്രമാക്കിതീർക്കുന്നു. ആ ഗോത്രത്തിനു പൗരോഹിത്യം കൊടുക്കുന്നു. എന്നു പറഞ്ഞാൽ യഹൂദക്രിസ്ത്യാനിയും ജാതികളിൽനിന്നു വന്ന ക്രിസ്ത്യാനിയുമായ എല്ലാവരും ക്രിസ്തുയേശുവിൽ ഒരു കുടുംബം. അതേ! ലേവ്യാഗോത്രം. അതാണു് പുതിയനിയമസഭ. ക്രിസ്തുസഭ. ആ സഭയിലെ ഏതൊരംഗത്തിനും പുരോഹിതനാകാം. ഇതുകൊണ്ടാണു് സഭയിലെ അംഗങ്ങൾ എല്ലാവരും രാജകീയ പുരോഹിത വർഗ്ഗത്തിൽപ്പെട്ടവനാകുന്നതു്. എന്നാൽ എല്ലാവരും പുരോഹിതന്മാരല്ല ഒരു രാജ്യത്തിൽ ആ രാജ്യം ഭരിക്കുന്ന രാജകുടുംബത്തിൽ വളരെ അംഗങ്ങൾ ഉണ്ടു്. അവരെ രാജകുമാരന്മാർ എന്നു വിളിക്കുന്നു. ഉദാ:- കൊച്ചിരാജകുടുംബത്തിൽ ഏതാണ്ടു് 600–ൽ അധികം രാജകുമാരന്മാരുണ്ടു്. അവർ രാജ്യത്തിനു–രാജപദവിക്കു അവകാശികളാണു്. പക്ഷെ രാജാക്കന്മാരല്ല. ഈ കുടുംബത്തിൽ ജനിച്ചവനുമാത്രമെ രാജാവാകുവാൻ അവകാശമുള്ളു. സാദ്ധ്യമാകു. പക്ഷെ രാജാവാകണമെങ്കിൽ അതിനുള്ള ചില കൃപകൾ-ചട്ടങ്ങൾ-മാമൂലുകളിൽക്കൂടെ അവരോധിക്കപ്പെടണം. ഇതുപോലെയാണു വി: സഭയാകുന്ന



ലേവ്യാകുടുംബാംഗങ്ങളിൽ അതിനു അർഹതയുള്ളവരെ തിരഞ്ഞെടുത്തു സ്ഥാനത്തു നിയമിച്ചാക്കണം. അവർ മാത്രമെ പുരോഹിതനാകു. നാം വി: കുർബാനക്രമത്തിൽ

“ആദ്യാചാര്യത്വം കൈക്കൊ–
ണ്ടഹറോൻ മൂശയോടൊന്നിച്ചു
സ്കറിയാസ്തുത്തുമല്ലീ മൂശ
സ്കറിയാ യോഹന്നാനേകി
യോഹന്നാൻ കർത്താവിന്നും
കർത്താ തൻ ശ്ലീഹന്മാർക്കും
നാനാസ്സംസ്ഥി വിഭാഗ–
ഗങ്ങൾക്കേകി ശ്ലീഹന്മാർ.

ഈ കീർത്തനത്തിൽ നിന്നും കർത്താവിന്റെ ശേഷം വി: സഭയിലെ എല്ലാവർക്കും–ഈ സ്ഥാനത്തേക്കു വരാമെന്നു നമ്മെ പ്രബോധിപ്പിക്കുന്നു.

# അദ്ധ്യായം 6.

## പൗരോഹിത്യജോലി

## 1. ക്രിസ്തീയ പുരോഹിതന്മാർ

ഭരണകർത്താക്കളാകുന്നു.

1 തിമോത്തെയോസ് 5:17 "നന്നായി ഭരിക്കുന്ന മൂപ്പന്മാരേ! പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നെ."

എബ്രായ 13:7 "നിങ്ങളോടു ദൈവവചനം പറഞ്ഞു നിങ്ങളെ നടത്തിയവരെ നിങ്ങൾ ഓർത്തുകൊൾവിൻ."

## 2. പുരോഹിതന്മാർ ഇടയന്മാരാകുന്നു.

യോഹന്നാൻ 21 : 15 "എന്റെ ആട്ടുകളെ മേയ്ക്ക. വെള്ളാട്ടുകളെ മേയ്ക്ക."

1 പത്രോ: 5:1, 2 "നിങ്ങളിൽ ഉള്ള മൂപ്പന്മാരേ! ഒരു കൂട്ടുമൂപ്പനും ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിനു സാക്ഷിയും വെളിപ്പെടുവാനുള്ള തേജസ്സിന്നു കൂട്ടാളിയുമായ ഞാൻ പ്രബോധിപ്പിക്കുന്നതു്. നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻ കൂട്ടത്തെ മേയ്ച്ചുകൊൾവിൻ."

എപ്പേസി: 4:11 "അവൻ ചിലരെ അപ്പസ്തോലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു."

മേൽ കാണിച്ച ഭാഗങ്ങളിൽ നിന്നും ചില രഹസ്യങ്ങൾ നാം പഠിക്കേണ്ടതുണ്ടു്.



(i) കർത്താവു് ഭാഗ്യവാനായ പത്രോസ് അപ്പോസ്തോലനെ — ആട്ടുകളെ — വെള്ളാട്ടുകളെ — കുഞ്ഞാട്ടുകളെ മേയ്ക്കുവാൻ നിയമിച്ചാക്കുന്നു. കർത്താവു സകലത്തിന്റെയും മഹാപുരോഹിതനായി മാത്രം മതിയായിരുന്നെങ്കിൽ പത്രോസ് അപ്പോസ്തോലനെ എന്തിനായിട്ടു ആട്ടിൻകൂട്ടത്തിന്റെ — ഇടയനാക്കി.

(ii) ആ ഭാഗ്യവാനായ പത്രോസ് അപ്പോസ്തോലൻ പറയുന്നു നിങ്ങളിലുള്ള മൂപ്പന്മാരേ! ഒരു കൂട്ടുമൂപ്പൻ ആയി ഞാൻ — സുറിയാനി വേദപുസ്തകത്തിൽ ബോ ഏ നോ ദേൻ മെൻ കാശീശേ ദീസബ്ക്രൻ; ഏനോ കാശീശോ ഹബറക്രൻ — ഒരു കൂട്ടുകശ്ശീശയായ ഞാൻ നിങ്ങളാകുന്ന കശ്ശീശന്മാരോടു പറയുന്നു. ആട്ടിൻകൂട്ടത്തെ മേയ്ച്ചുകൊൾവിൻ. കർത്താവു് പത്രോസ് ശ്ലീഹായെ ഇടയനാക്കി. പത്രോസ് ശ്ലീഹായും മററു ശ്ലീഹന്മാരും വളരെ പേരെ ഇടയന്മാരാക്കി.

(iii) കർത്താവു് വി: സഭയിൽ ഇടന്മാരെ നിയമിച്ചാക്കി എന്നു പറയുന്നു. ഇപ്രകാരമുള്ള പുരോഹിതന്മാർ അഥവാ ഇടയന്മാർ അനാവശ്യമാണെന്നോ പറയുന്നതു്. പിൽക്കാലത്തു ആരോ ഈ മഹൽസ്ഥാനം വൃഥാ ഉണ്ടാക്കിയതാണോ?

കർത്താവു പത്രോസ് ശ്ലീഹായെ ഇടയനാക്കി. ആട്ടുകളെ മേയ്ച്ചുകൊൾവിൻ എന്നു പറയുമ്പോൾ — സഭയിൽ ആട്ടുകൾ അഥവാ ജനങ്ങൾ ഉണ്ടെന്നും ആ ജനത്തെ ഭരിപ്പാൻ ഇടയന്മാർ നിയമിച്ചാക്കപ്പെട്ടുവെന്നും അല്ലയോ മനസ്സിലാക്കേണ്ടതു്.

## 3 പുരോഹിതന്മാർ നിരപ്പാക്കുന്ന

സ്ഥാനാപതികൾ ആകുന്നു.

1) 2 കോറ: 12: 28 "അവൻ നമ്മെ ക്രിസ്തു മൂലം തന്നോടു നിരപ്പിച്ചു. ആ നിരപ്പിന്റെ ശുശ്രൂഷണങ്ങൾക്കത്രെ തന്നിരിക്കുന്നതു്. ദൈവം ലോകത്തിന്നു ലംഘനങ്ങ

ളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിൻെറ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു."

ഈ വാക്യം കൊണ്ടു കർത്താവിനും ജനത്തിനും ഇടക്കു രണ്ടുപേരെയും യോജിപ്പിക്കുന്ന അഥവാ നിരപ്പാക്കുന്ന ഒരു മൂന്നാം ആൾ ഉണ്ടെന്നും അങ്ങിനെ ഒരാൾ വേണമെന്നും അല്ലയോ മനസ്സിലാകുന്നതു്. അതു അപ്പസ്തോലന്മാരും അവരുടെ പിൻതുടർച്ചക്കാരായ പുരോഹിതന്മാരുമാകുന്നുവെന്നുള്ളതു തീർച്ചയല്ലേ?

## 4 പുരോഹിതന്മാർ ദൈവത്തിൻെറ

### കൂട്ടു വേലക്കാരാകുന്നു.

1 കോറ: 3: 9 "ഞങ്ങൾ ദൈവത്തിൻെറ കൂട്ടുവേലക്കാർ. നിങ്ങൾ ദൈവത്തിൻെറ കൃഷി."

ഒരു ഭൂമിയെ—കൃഷിക്കുയോഗ്യമാക്കി— വളം ഇട്ടു – വിത്തു വിതച്ചു വിളവു സൂക്ഷിച്ചു കൊയ്തു ധാന്യത്തെ കളപ്പുരയിൽ or അറയിൽ സൂക്ഷിക്കുന്ന ഒരു ഉത്തമനായ കൃഷിക്കാരനു് വിളവിൻെറ മേൽ ഒരു അവകാശവും ഇല്ലെന്നാണോ പറയുന്നതു? എല്ലാവരും ഒരുപോലെയല്ല. വ്യത്യാസം ഉണ്ടു. സ്ഥാനികൾ ഉണ്ടു. അവരുടെ പേരാണു പുരോഹിതന്മാർ. അതു വേദാനുസരണവുമാകുന്നു.

## 5 പുരോഹിതന്മാർ

### ഗൃഹവിചാരകന്മാർ

1 കോറ: 4: 1 "ഞങ്ങളെ ക്രിസ്തുവിൻെറ ശുശ്രൂഷക്കാരും ദൈവ മർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും എന്നിങ്ങനെ ഞങ്ങളെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ."



ഒരു കുടുംബത്തിൽ അനേകം അംഗങ്ങൾ ഉണ്ടായാലും ഗൃഹവിചാരകൻ ഒരാളെ ഉണ്ടായിരിക്കയുള്ളു. ഞങ്ങൾ ഗൃഹവിചാരകർ എന്നു വന്നാൽ കർത്താവല്ല. പിന്നീടു അവർ ആരാണു്? ധർമ്മമഹാപ്രധാനാചാര്യൻ. തൻെറ കീഴിൽ ഗൃഹവിചാരകരുണ്ടു എന്നുള്ളതു തീർച്ചയാണു്. ആ ഗൃഹവിചാരകരെ പൌലൂസ്ശ്ലീഹാ തന്നെ പറയുന്നു—ഞാൻ പുരോഹിതനായി—ഈ വേല ചെയ്യുന്നു. തന്മൂലം ഗൃഹവിചാരകൻ അഥവാ പുരോഹിതൻ എന്നുള്ളതു വേദാനുസരണമുള്ള സ്ഥാനമാണു്. പുരോഹിതൻ സഭയിൽ ഉണ്ടായിരിക്കണം.

## 6 പുരോഹിതന്മാർ-പിതാക്കന്മാർ.

### (Father) ആകുന്നു.

1 കോറ: 4:`15 "നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചതു്.

ഇവിടെ ഭാഗ്യവാൻ പറയുന്നതു്—ഞാൻ നിങ്ങളുടെ പിതാവാകുന്നു. ജനകനാണു്. ഈ പദവിയാണു് പുരോഹിതൻേറതു്. വീണ്ടും ജനിപ്പിക്കുന്ന Father ആണു്. വി: മാമോദീസാ നൽകുന്ന പുരോഹിതൻ പിതാവാണു്. Father = അച്ചനാണു്.

# അദ്ധ്യായം 7.

# പുതിയനിയമ പൗരോഹിത്യ സ്ഥാപനം.

## 1. കർത്താവ് അപ്പോസ്തല ന്മാരെ പുരോഹിതന്മാരായി നിയമിച്ചു.

### സഭയിൽ അതു തുടരുകയും വേണം.

1) മത്താ: 10 : 1 "അനന്തരം അവൻ 12 പേരെ അടുക്കൽ വിളിച്ചു അശുദ്ധാത്മാക്കളെ പുറത്താക്കുവാനുള്ളതും ദീനവും വ്യാധിയും പൊറുപ്പിക്കുവാനും അവർക്ക് അധികാരം കൊടുത്തു."

2) മത്തായി 10: 5,6 "ജാതികളുടെ അടുക്കൽ പോകാതെയും ശമര്യരുടെ പട്ടണത്തിൽ കടക്കാതെയും യിസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽ ചെല്ലുവിൻ."

3) മത്താ: 10: 23 "മനുഷ്യപുത്രൻ വരുവോളം നിങ്ങൾ യിസ്രായേൽ പട്ടണത്തെ സഞ്ചരിച്ചു തീരുകയില്ല."

4) മത്താ: 16: 19 "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരും."

5) മത്താ: 18: 18 "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും."

6) മത്താ: 28: 18-20 സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും."



7) മർക്കോ: 3: 14 "അവർ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന്നു അയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിന്നും അധികാരം ഉണ്ടാകുവാനും 12 പേരെ നിയമിച്ചു."

8) മത്താ: 4: 19, മർക്കോ: 1: 17 "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും."

9) നടപ്പു: 1: 18 "നിങ്ങൾ ലോകത്തിൽ എനിക്കു സാക്ഷികൾ ആയിരിക്കും."

10) യോഹ: 20: 22 "പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു."

ഈ വേദഭാഗങ്ങൾ പത്തും – പുതിയനിയമത്തിന്റെ മഹാപുരോഹിതനായ കർത്താവു–വേറെ ആരേയോ–സഭയെ നോക്കുവാൻ – അധികാരാവകാശങ്ങളോടുകൂടിയവരായി – ചുമതലപ്പെടുത്തിയെന്നുള്ളതു അവിതർക്കിതമായ സത്യമായി നമ്മെ പഠിപ്പിക്കുന്നില്ലേ? അവരെ അപ്പസ്തോലന്മാർ എന്നു വിളിക്കുന്നു. അവർ സഭയുടെ പ്രധാന പുരോഹിതരാണ്. ഇവർ പിന്നീടു എന്തു ചെയ്തു? അവർ സഭയെ സ്ഥാപിച്ചു. ആ ഇടവകകളെ ഭരിക്കുന്നിനു ഇടയന്മാരെ ചുമതലപ്പെടുത്തിപോന്നു.

## 2 ക്രിസ്തീയ സഭയിലെ

### സ്ഥാനികൾ.

1) എപ്പേസി 4: 11 "അവൻ ചിലരെ അപ്പോസ്തലന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു."

2) 1 കൊറ: 12: 27, 28 "ദൈവം സഭയിൽ ഒന്നാമതു് അപ്പോസ്തോലർ രണ്ടാമതു് പ്രവാചകന്മാർ മൂന്നാമതു് ഉപദേഷ്ടാക്കന്മാർ ഇങ്ങിനെ ഓരോരുത്തരെ നിയമിക്കുകയും"

മേൽ വാക്യങ്ങളിൽ നിന്നും സഭയിൽ വിവിധ സ്ഥാനികൾ ഉണ്ടെന്നു കാണാമല്ലോ.

1 കോറ: 12: 29 എല്ലാവരും അപ്പസ്തോലന്മാരോ? എല്ലാവരും പ്രവാചകന്മാരോ? എല്ലാവരും ഉപദേഷ്ടാക്കന്മാരോ?

എല്ലാസ്ഥാനികളും ഒരുപോലെയുമല്ല. അതിൽ വ്യത്യസ്ഥത ഉണ്ടെന്നുള്ളതു തീർച്ചയാണ്.

## 3 ക്രിസ്തീയ സഭയിലെ

### ഭരണകർത്തക്കാൾ

നാം സൂക്ഷ്മമായി പരിശോധിച്ചാൽ ക്രിസ്തീയ സഭയിൽ രണ്ടുതരം സ്ഥാനികളെ നമുക്കു കാണാം.

1) ശുശ്രൂഷകന്മാർ. 2) ഭരണകർത്താക്കൾ.

1) ശുശ്രൂഷകന്മാർ ഇവരുടെ കൂട്ടത്തിൽ സുവിശേഷകന്മാർ– ഉപദേഷ്ടാക്കൾ – ശെമ്മാശ്ശന്മാർ മുതലായവർ ഉൾപ്പെടുന്നു.

2) ഭരണകർത്താക്കൾ. ഇവരുടെ കൂട്ടത്തിൽ അപ്പോസ്തോലർ–ഇടയന്മാർ–കശ്ശീശ്ശന്മാർ–എപ്പിസ്കോപ്പന്മാർ മുതലായവർ ഉൾപ്പെടുന്നു.

1) എപ്പിസ്കോപ്പന്മാർ. വി: വേദപുസ്തകത്തിൽ വളരെ വിശദമായി ഭരണകർത്താക്കളെ പേരു പറയുന്നുണ്ട്. ഓരോ ഇടവകയിലും ഈ വ്യത്യസ്ഥ അധികാരികളെ കാണുവാൻ കഴിയും.

(i) ഫിലിപ്പി: 1: 1 "യേശുക്രിസ്തുവിന്റെ ദാസന്മാരായ പൗലോസും തിമൊഥെയോസും ഫിലിപ്പിയായിലുള്ള ക്രിസ്തുയേശുവിന്റെ സകല വിശുദ്ധന്മാർക്കും അദ്ധ്യക്ഷന്മാർക്കും ശുശ്രൂഷകന്മാർക്കും കൂടെ എഴുതുന്നതു്."

ഇംഗ്ലീഷ് വേദപുസ്തകം "to all Saints in Christ Jesus who are in Philippi with the Bishops and Deacons."



ഇവിടെ രണ്ടുതരത്തിലുള്ളവരുടെ പേരുകൾ പറയുന്നു. 1) Bishops 2) Deacons നമ്മുടെ ചിന്താവിഷയം ബിഷപ്പന്മാരെപ്പറ്റിയാണല്ലോ.

(ii) 1 തിമോത്തിയോസ് 3:1–8 "ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നുവെങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു എന്നുള്ളതു വിശ്വാസയോഗ്യമാകുന്നു. എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏക ഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കണം."

ഇംഗ്ലീഷ് If one earnestly seeketh the office of Bishop, he desireth an excellant work. There fore a Bishop must be.......

ഇവിടെയും ബിഷപ്പിനെ നമുക്കു കാണുവാൻ കഴിയും. പരിശുദ്ധസഭയെ–ഈ ലോകത്തിലെ രാജ്യത്തോടു ഉപമിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സഭസ്സു–ദൈവരാജ്യം–സ്വർഗ്ഗരാജ്യം എന്നിങ്ങനെ പല പേരുകളും കൊടുക്കുന്നു. വി: സഭയിലെ മഹാരാജാവു–കർത്താവുതന്നെയാണ്. താൻ ശ്രേഷ്ഠമഹാപുരോഹിതനുമാണ്. തന്റെ കീഴിലെ എപ്പിസ്കോപ്പന്മാർ or ബിഷപ്പന്മാർ ഭരണകർത്താക്കളും. അവർക്കു ക്രിസ്തുവിന്റെ സ്ഥാനാപതികൾ എന്നു പേരുപറയുന്നു.

2 കോറ: 5:20 "ആകയാൽ നിങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനപതികളായി ദൈവത്തോടു നിരന്നു കൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു. ഇവിടെ അപ്പോസ്തോലർ സ്ഥാനാപതികളാണ്. അതു ക്രിസ്തുവിനു പകരവും ആകുന്നു. ഇതു ന്യായവിധി വരെ തുടരേണ്ടയോ?"

എഫേ: 4:12, 13 "അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്താലുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണത

യായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീക വർദ്ധനവിന്നും ആകുന്നു.”

ഈ വേദഭാഗം കൊണ്ടു സഭയുടെ വളർച്ച ലോകാവസാനം വരെ നിൽക്കുമെന്നും ഈ സഭയുടെ ഭരണകർത്താക്കളും ഭരണവും അന്നുവരെ ഉണ്ടായിരിക്കണമെന്നല്ലേ മനസ്സിലാക്കേണ്ടതു്. അതിനുവേണ്ടി വിശുദ്ധ സഭയാൽ അപ്പോസ്തോലരേയും പ്രവാചകന്മാരേയും ഇടയന്മാരേയും ഉപദേഷ്ടാക്കന്മാരേയും നിയമിച്ചാക്കിയിരിക്കുന്നു.

## 3. സഭയിൽ ഭരണകർത്താക്കൾ ഉണ്ടായിരിക്കണം.

1തിമോത്തവോസ്: 3:5 “സ്വന്ത കുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങിനെ പരിപാലിക്കും.”

1തിമോ: 5:17 “നന്നായി ഭരിക്കുന്ന മൂപ്പന്മാരേ!.........”

എബ്രാ: 13:17 “നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ. അവർ കണക്കു ബോധിപ്പിക്കേണ്ടവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടി അവർ ജാഗരിച്ചിരിക്കുന്നു.”

മേൽ കാണിച്ച വാക്യങ്ങൾ ഒരു കാര്യം നമ്മെ പ്രബോധിപ്പിക്കുന്നുണ്ടു്. വി: സഭയിൽ ഭരണകർത്താക്കളുണ്ടു് വിവിധ സ്ഥാനികൾ ഉണ്ടു്. എന്നുള്ളതല്ലേ? ഒരു എപ്പിസ്കോപ്പാ വിവിധ ഇടവകകളുടെയും അതിലെ കാശ്ശീശ്ശന്മാരുടെയും ഇതരസ്ഥാനികളുടെയും മേൽവിചാരകനാകുന്നു.



തീമോഥവോസും തീത്തോസും ഇതിനു ദൃഷ്ടാന്തമാണ്. അവർ വവിധ ഇടവകകളുടെ എപ്പിസ്കോപ്പന്മാരായിരുന്നു. അവർ പട്ടണം തോറും മൂപ്പന്മാരെ അഥവാ കാശ്ശീശ്ശന്മാരെ നിയമിച്ചാക്കുന്നതിനു അധികാരികളായിരുന്നു.

എപ്പിസ്കോപ്പാ എന്നതു ഗ്രീക്കുപദം ആകുന്നു. എന്നാൽ അറബിഭാഷയിൽ എപ്പിസ്കോപ്പാ എന്നപദത്തിനുപകരം കൊടുക്കുന്നതു മെത്രാൻ എന്ന പദമാകുന്നു. അതുകൊണ്ടു ഈ സ്ഥാനികളെ കിഴക്കൻ രാജ്യങ്ങളിൽ മെത്രാൻ അഥവാ ഒരു ദേശത്തിന്റെ or കൂട്ടത്തിന്റെ തലവൻ എന്നർത്ഥമായ മെത്രാപ്പോലീത്താ എന്നു വിളിക്കുന്നു.

നടപ്പ്: 20:28 “നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കി വച്ച ആട്ടിൻക്കൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊൾവിൻ.”

ഇംഗ്ലീഷ് പഴയപതിപ്പ്. ഗ്രീക്കിൽ നിന്നു ഇംഗ്ലീഷിലേക്കു പരിഭാഷ ചെയ്തതു്. 1827-ൽ ലണ്ടനിൽ അച്ചടിച്ചതു്.

“There fore take heed to yourselves and to the whole flock, over which the Holy spirit hath constituted you Bishops to feed the Church of God” തർജ്ജിമ ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ ബിഷപ്പന്മാരായി നിയമിച്ചാക്കപ്പെട്ടിരിക്കുന്ന നിങ്ങളെയും നിങ്ങളുടെ ആട്ടിൻക്കൂട്ടം മുഴുവനെയും നിങ്ങൾ സൂക്ഷിച്ചു കൊൾവിൻ.

എപ്പിസ്കോപ്പായുടെ സ്ഥാനം എത്ര വലിയതും ശ്രേഷ്ഠവുമാണെന്നു മേൽ വാക്യം നമ്മെ പഠിപ്പിക്കുന്നു. ഈ മഹിമയേറിയ സ്ഥാനം വേദാനുസരണമല്ലേ?

# 4 എപ്പിസ്കോപ്പായുടെ ജോലികൾ

1) കൈവെപ്പുകൊടുക്കുക.

1 തീമോത്തെവോസ് 5: 22 "യാതൊരുത്തന്റെയും മേൽ വേഗത്തിൽ കൈ വയ്ക്കരുത്."

2) സ്ഥാനികളെ നിയമിക്കുക.

1 തീമോത്തെവോസ് 3: 1-13 "അനിന്ദ്യരായിക്കണ്ടാൽ അവർ ശുശ്രൂഷ ഏൽക്കട്ടെ"

തീത്തോസ് 1: 5 "ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചുപോന്നത് ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കേണ്ടതിന്നും ഞാൻ നിന്നോടാജ്ഞാപിച്ചതു പോലെ പട്ടണം തോറും മൂപ്പന്മാരെ ആക്കിവെക്കേണ്ടതിന്നും തന്നെ."

പഴയനിയമ വേദപുസ്തകം:- I left thee in Crete that thou mightest set in orders the things wanting and ordain in every City priests, as I Comanded thee.

3) കശ്ശീശ്ശന്മാരെ നിയന്ത്രിക്കുക.

അവർ കുററം ചെയ്താൽ ശാസിക്കുക, അവരുടെ മേലുള്ള അന്യായം സ്വീകരിക്കുക. അവരുടെ ജോലിക്കുള്ള കൂലി കൊടുക്കുക. 1 തീമോത്തെവോസ് 5: 17-20 "നന്നായി ഭരിക്കുന്ന മൂപ്പന്മാരെ പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നെ ഇരട്ടി മാനത്തിന്നു യോഗ്യരായി എണ്ണുക. മെതിക്കുന്ന കാളെക്കു മുഖക്കൊട്ട കെട്ടരുത്. എന്നു തിരുവെഴുത്തു പറയുന്നു. രണ്ടു മൂന്നു സാക്ഷികൾ മുഖേനയല്ലാതെ ഒരു മൂപ്പന്റെ നേരെ അന്യായം എടുക്കരുത്. പാപം ചെയ്യുന്നവരെ ശേഷം ഉള്ളവർക്കു ഭയത്തിന്നായി എല്ലാവരും കേൾക്കെ ശാസിക്ക. നീ പക്ഷമായി ഒന്നും ചെ



യ്യാതെകൊണ്ടു സിദ്ധാന്തം കൂടാതെ ഇവ പ്രമാണിച്ചു കൊള്ളേണം എന്നു ഞാൻ ദൈവത്തേയും ക്രിസ്തുവിനെയും ശ്രേഷ്ഠദൂതന്മാരെയും സാക്ഷിയാക്കി നിന്നോടു കല്പിക്കുന്നു."

4) സഭയിൽ കല്പനകൾ നൽകുക.

1 തീമോത്തെവോസ് 1:3 "അന്യഥാ ഉപദേശിക്കരുതെന്നും വിശ്വാസം എന്ന ദൈവവ്യവസ്ഥെക്കല്ല-തർക്കങ്ങൾക്കു മാത്രം ഉതകുന്ന കെട്ടുകഥകളേയും അന്തമില്ലാത്ത വംശാവലികളെയും ശ്രദ്ധിക്കരുതെന്നും ചിലരോടു ആജ്ഞാപിക്കേണ്ടതിന്നു നീ എഫെസോസിൽ താമസിക്കേണം എന്നു ഞാൻ അപേക്ഷിക്കുന്നു."

1 തീമോത്തെവോസ് 4: 11 "ഇതു നീ ആജ്ഞാപിക്കുകയും ഉപദേശിക്കുകയും ചെയ്ക." 13-ാം വാക്യം. "ഞാൻ വരുവോളം വായന പ്രബോധനം ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്കുക."

തീത്തോസ് 1: 14 "യഹൂദ കഥകളെയും സത്യം വിട്ടകലുന്ന മനുഷ്യരുടെ കല്പനകളെയും ശ്രദ്ധിക്കാതിരിക്കേണ്ടതിന്നു അവരെ കഠിനമായി ശാസിക്കുക."

തീത്തോസ് 2 : 10 "സകലത്തിലും നല്ല വിശ്വസ്തത കാണിക്കുന്നവരുമായിരിപ്പാൻ കല്പിക്കുക."

തീത്തോസ്: 2 :15 "ഇതു പൂർണ്ണ ഗൗരവത്തോടെ പ്രസംഗിക്കുകയും പ്രബോധിപ്പിക്കുകയും ശാസിക്കുകയും ചെയ്ക. ആരും നിന്നെ തുച്ഛീകരിക്കരുത്."

ഈ ഭാഗങ്ങൾ വായിച്ചാൽ അതെ നാം പരിശോധിച്ചാൽ വിശുദ്ധ വേദപുസ്തകത്തിൽ പൗരോഹിത്യസ്ഥാനികൾ ഉണ്ടെന്നും ആ സ്ഥാനികൾ വിവിധ രീതിയിലാണെന്നും അതിൽ എപ്പിസ്കോപ്പാ or Bishop(ബിഷപ്പ്) അഥവാ മെത്രാൻ എന്ന ഒരു മേലധികാരി ഉണ്ടെന്നും നമുക്കു കാണാമല്ലൊ.

ആ ബിഷപ്പ് (എപ്പിസ്കോപ്പാ or മെത്രാൻ) (i) കൈവെപ്പു കൊടുക്കുക. (ii) കാശ്ശീശ്ശന്മാരെ നിയമിക്കുക. (iii) കാശ്ശീശ്ശന്മാരെ ശാസിക്കുക, അവരുടെ മേലുള്ള അന്യായം സ്വീകരിക്കുക. (iv) സഭയിൽ കല്പനകൾ നൽകുക ആദിയായ മഹൽകൃത്യത്തിനായി അവർ നിയമിച്ചാക്കപ്പെട്ടവരാകുന്നു എന്നും നമുക്കു സ്പഷ്ടമായി കാണ്മാൻ കഴിയും., തന്മൂലം മെത്രാപ്പോലീത്താ എന്ന സ്ഥാനം or പദവി വേദാനുസരണമല്ലേ?

കാനോൻ എന്തുപറയുന്നു? ഹൂദായകാനോൻ 1-ാം കപ്പാലയോൻ 2-ാം പോസൂക്കോ.

ശ്ലീഹന്മാർ വിശ്വാസികളുടെ വിലയേറിയ ആത്മാക്കൾ മെത്രാപ്പോലീത്തായുടെ (എപ്പിസ്കോപ്പായുടെ) പക്കൽ വിശ്വസിച്ചു ഏല്പിക്കപ്പെടാമെങ്കിൽ പള്ളിയുടെ വസ്തുവകകളിന്മേലും അദ്ദേഹം അധികാരം വഹിക്കുന്നതു് ഏററം യുക്തമായിരിക്കും. അദ്ദേഹത്തിന്റെ കല്പനയനുസരിച്ചു തന്നെ സകലതും ഭരിക്കപ്പെടണം.

ശ്ലീഹന്മാർ പള്ളിസംബന്ധമായ സകല കാര്യങ്ങളിലും എപ്പിസ്കോപ്പാ (മെത്രാപ്പോലീത്താ) അധികാരിയും ഭരണകർത്താവും ആയിരിക്കണം.

ഹൂദായ 18 അക്കത്തിൽ മാത്രമുള്ളതു്.

ശ്ലീഹന്മാർ കാശ്ശീശ്ശന്മാരും ശെമ്മാശ്ശന്മാരും എപ്പിസ്കോപ്പായുടെ (മെത്രാപ്പോലീത്തായുടെ) ഇഷ്ടാനുസരണമല്ലാതെ യാതൊന്നും പ്രവൃത്തിക്കരുതു്. എന്തെന്നാൽ കർത്താവിന്റെ ജനം ഭരമേല്പിക്കപ്പെട്ടിരിക്കുന്നതു അദ്ദേഹത്തിലാണു്. അവരുടെ ആത്മാക്കൾക്കു വേണ്ടി സമാധാനം ബോധിപ്പിക്കേണ്ടതും മെത്രാപ്പോലീത്തയാണു്.

അന്ത്യോഖ്യൻ കാനോൻ പള്ളിയുടെ വകകൾ മെത്രാപ്പോലീത്താ (എപ്പിസ്കോപ്പാ) ഭരിക്കുകയും തന്നെയും തന്റെ



അടുക്കൽ വരുന്ന വിദേശികളായ സഹോദരന്മാരുടെയും ആവശ്യങ്ങൾ അതുകൊണ്ടു നിവ്വഹിക്കുകയും ചെയ്യണം.

കാനോൻ 1-ാം കെപ്പാലയോൻ 3-ാം പോസൂക്കോ.

ഗൽഗാറെ ആരെങ്കിലും പള്ളിവരുമാനങ്ങൾ എപ്പിസ്കോപ്പായുടെയോ (മെത്രാപ്പോലീത്തായുടെ) അവയുടെ ഭരണത്തിന്നു നിയമിക്കപ്പെടുന്ന ആളിന്റെയോ അനുവാദം കൂടാതെ വാങ്ങുകയോ കൊടുക്കുകയോ ചെയ്താൽ വാങ്ങുന്നവനും കൊടുക്കുന്നവനും ശപിക്കപ്പെട്ടവരായിരിക്കും.

ഉറഹായിലെ റാബൂലെ കാശ്ശീശ്ശന്മാർ പള്ളിവകകൊണ്ടു എപ്പിസ്കോപ്പായെ (മെത്രാപ്പോലീത്തായെ) സൽക്കരിക്കണം. അതിനായി പള്ളിക്കു സ്വത്തുണ്ടെങ്കിൽ പിരിവു് എടുക്കരുതു്.

4-ാം പോസൂക്കോ.

* ലാവോദിക്യ എല്ലാ പള്ളികൾക്കും അതിലെ വൈദീകരിൽ നിന്നു കൈകാര്യകർത്താവായി ഒരാൾ ഉണ്ടായിരിക്കണം. എപ്പിസ്കോപ്പായുടെ (മെത്രാപ്പോലീത്തായുടെ) കല്പനപ്രകാരം പള്ളിയുടെ വസ്തുവകകൾ ഭരിക്കയും ചെയ്യണം.

കാനോൻ 7-ാം കെപ്പാലയോൻ 1-ാം പോസൂക്കോ.

ശ്ലീഹന്മാരുടെ 9-ാം കാനോന. ഒരു മെത്രാപ്പോലീത്താ (എപ്പിസ്കോപ്പാ) അനുഗ്രഹിക്കുന്ന ആളാകുന്നു. അനുഗ്രഹം വാങ്ങുന്ന ആളല്ല.

ശ്ലീഹന്മാരുടെ 22-ാം കാനോന. തന്റേതല്ലാത്ത ഒരു ഇടവകയിൽ ആ ഇടവകയുടെ മെത്രാപ്പോലീത്തായുടെ അനു

* ചില പകർപ്പുകളിൽ കല്ക്കദൂനാ എന്നു കാണുന്നു. അതു തെററാണു്.

മതിപ്രകാരമല്ലാതെ പട്ടംകൊടുക്കുവാൻ ഒരു മെത്രാപ്പോലീത്താക്കും അധികാരമില്ല.

മാർ ഗ്രീഗോറിയോസ് ബർ എബ്രായ. (ഹൂദായ) ഒരു മെത്രാപ്പോലീത്തായെ (എപ്പിസ്കോപ്പായെ) തെരഞ്ഞെടുക്കുന്നതു—ജനങ്ങൾ ആയിരിക്കരുതു്. അതു വൈദീകസംഘം തിരഞ്ഞെടുക്കേണം.

# അദ്ധ്യായം 8.

## എപ്പിസ്കോപ്പായുടെ മേൽ

### അധികാരി.

മുൻ 7–ാം അദ്ധ്യായത്തിൽ കശ്ശീശ്ശന്മാരുടെ മേൽ അധികാരിയായ എപ്പിസ്കോപ്പായെപ്പററി നാം പഠിച്ചു. ഈ അദ്ധ്യായത്തിൽ എപ്പിസ്കോപ്പായുടെ മേൽ അധികാരി ഉണ്ടെന്നു നാം അറിയേണ്ടിയിരിക്കുന്നു. എപ്പിസ്കോപ്പായുടെ മേൽ അധികാരി അപ്പോസ്തോലർ ആകുന്നു. ഒരു കശ്ശീശ്ശാ ഒരു സ്ഥലത്തിന്നു or പട്ടണത്തിന്നു or ഇടവകയ്ക്കു അധികാരിയാകുന്നു.` ഒരു എപ്പിസ്കോപ്പാ ഏതാനും ഇടവകകൾക്കും കശ്ശീശ്ശന്മാർക്കും അദ്ധ്യക്ഷനാകുന്നു. അതുപോലെ ഏതാനും എപ്പിസ്കോപ്പന്മാർക്കും അനേകം ഇടവകകൾക്കും മേൽ വിചാരകൻ ഒരു അപ്പോസ്തോലനായിരുന്നുവെന്നു വി: വേദപുസ്തകം പരിശോധിച്ചാൽ നമുക്കു കാണുവാൻ കഴിയും.

1) ഒരു അപ്പോസ്തോലൻ മേൽപറഞ്ഞ പ്രകാരം ഒരു സമൂഹ ഇടവകകളുടെയും അനേകം എപ്പിസ്കോപ്പന്മാരുടെയും മേൽവിചാരകൻ എന്നു പറഞ്ഞുവല്ലോ. എന്നാൽ ഭാഗ്യവാന്മാരായ പത്രോസ് പൗലൂസ് അപ്പോസ്തോലന്മാരെക്കുറിച്ചു മാത്രമെ എന്തെങ്കിലും അതുസംബന്ധിച്ചു നമുക്കു് അറിവാൻ കഴിഞ്ഞിട്ടുള്ളു. കാരണം വി: വേദപുസ്തകം ഈദൃശ്യകാര്യങ്ങളുടെ ഒരു പൂർണ്ണ വിവരണം നമുക്കു തരുന്നില്ല. ചില സൂചനകൾ മാത്രമെ നമുക്കു നൽകുന്നുള്ളു.

2) ഈ സൂചനകൾ തന്നെയും ചില സന്ദർഭങ്ങൾ കൊണ്ടു മാത്രം ലഭിക്കുന്നതിനു ഇടയായതല്ലാതെ വി: അപ്പോസ്തോലർ ആ കാര്യങ്ങൾ എഴുതി രേഖപ്പെടുത്തുവാൻ ആഗ്രഹിച്ചില്ല. തന്മൂലം അതു പാരമ്പര്യത്തിൽകൂടി നിലനിന്നു വരികയാണുണ്ടായതു്.

1 കോറ: 11: 34 "ശേഷം കാൎയ്യങ്ങളെ ഞാൻ വന്നു ക്രമപ്പെടുത്തും."

1 തീമോത്തേവോസ് 3 : 14 "ഞാൻ വേഗത്തിൽ നിന്റെ അടുക്കൽ വരാമെന്നാശിക്കുന്നു. താമസിച്ചുപോയാലോ സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദേവാലയത്തിൽ നടക്കേണ്ടതു് എങ്ങിനെയെന്നു നീ അറിയേണ്ടതിന്നു ഇതു് എഴുതുന്നു."

2 യോഹന്നാൻ 12-ാംവാക്യം "എഴുതി അയപ്പാൻ പലതും ഉണ്ടായിരുന്നുവെങ്കിലും മഷിയും തൂവലും കൊണ്ടു് എഴുതുവാൻ എനിക്കു മനസ്സില്ല. വേഗത്തിൽ നിന്നെ കാണ്മാൻ ആഗ്രഹിക്കുന്നു. അപ്പോൾ നമുക്കു മുഖാമുഖമായി സംസാരിക്കാം."

ഈ ഭാഗങ്ങൾ നോക്കിയാൽ പ: അപ്പോസ്തോലർ എഴുതുന്നതിനേക്കാൾ മുഖാമുഖം സംസാരിപ്പാനും അതാതു സ്ഥലത്തു വന്നു ക്രമപ്പെടുത്തുവാനും ആഗ്രഹിക്കുന്നു എന്നും അപ്രകാരമാണു് നടത്തിയിട്ടുള്ളതെന്നും നമുക്കു ബോദ്ധ്യമാകുന്നതാണു്. തന്മൂലം പൗരോഹിത്യ സ്ഥാനങ്ങളായ കശ്ശീശ്ശാ-എപ്പിസ്കോപ്പാ-മേൽവിചാരകൻ or അപ്പോസ്തോലൻ ഇവരുടെ സ്ഥാനമാഹാത്മ്യം മുതലായവയെ നമുക്കു പൂൎണ്ണമായി ഗ്രഹിപ്പാൻ കഴിവില്ലാതെ വരുന്നു.

പൗലൂസ് അപ്പോസ്തോലനെ സഭയുടെ വേലക്കായി അയക്കുമ്പോൾ പ്രത്യേകം കൈവെപ്പു കൊടുക്കുന്നു.

നടപ്പു: 13:2,3 "ഞാൻ ബൎന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലക്കായിട്ടു അവരെ എനിക്കു വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവു പറഞ്ഞു. അങ്ങിനെ അവർ ഉപവസിച്ചു പ്രാൎത്ഥിച്ചു അവരുടെ മേൽ കൈവെച്ചു അവരെ പറഞ്ഞയച്ചു."



ഗലാത്യ 2: 7, 8 "പരിച്ഛേദനയുടെ അപ്പസ്തോലത്വത്തിന്നായി പത്രൊസിനോടുകൂടെ വ്യാപരിച്ചവൻ ജാതികൾക്കായി എന്നോടുകൂടെയും വ്യാപരിച്ചതുകൊണ്ടു് പത്രൊസിന്നു പരിച്ഛേദനക്കാരുടെ ഇടയിലെ സുവിശേഷഘോഷണം എന്നപോലെ എനിക്കു അഗ്രചൎമ്മക്കാരുടെ ഇടയിലെ സുവിശേഷഘോഷണം ഭരമേല്പിച്ചിരിക്കുന്നു."

ഈ വാക്യത്തിൽ ആദിമസഭയിൽ രണ്ടു മേൽവിചാരകർ ഉണ്ടായിരുന്നുവെന്നും അവർ വി: പത്രോസും പൗലൂസും ആയിരുന്നുവെന്നും കാണാം.

നടപ്പു: 20: 27, 28, 29 "ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെയ്ക്കാതെ ഞാൻ മുഴുവനും അറിയിച്ചു തന്നിരിക്കുന്നുവല്ലോ. നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കി വച്ച (Bishop എപ്പിസ്കോപ്പന്മാരായി) ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ. ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു."

മേൽ വാക്യത്തിൽ നിന്നും ഒരു മേൽവിചാരകന്റെ സ്ഥാനത്തെ-ച്ചുമതലയെ നമുക്കു മനസ്സിലാക്കാം.

1) ഞാൻ എന്നിൽ പകർന്ന പരിശുദ്ധാത്മാവിൻ ശക്തിയാൽ.

2) നിങ്ങളെ അദ്ധ്യക്ഷരാക്കി. (മെത്രാനാക്കി)

3) നിങ്ങൾ (മെത്രാന്മാർ) സൂക്ഷിച്ചുകൊള്ളണമെന്നു് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു.

4) നിങ്ങളുടെ കയ്യിൽ ആട്ടിൻകൂട്ടത്തെ ഞാൻ ഭരമേല്പിക്കുന്നു.

5) ദൈവത്തിന്റെ ആലോചന എന്നിൽ വന്നതു- ഞാൻ നിങ്ങളെ അറിയിച്ചു.

ഇവിടെ കൂടുതലായി വിശദീകരിക്കേണ്ട. മേൽവിചാരകൻ-എപ്പിസ്കോപ്പാ-ആട്ടിൻ കൂട്ടം. ഇത്രയും വി: സഭയിൽ ഉണ്ടെന്നുള്ളതു തീർച്ചയാണു്.

1 കൊറ: 3: 10 "എനിക്കു ലഭിച്ച ദൈവകൃപക്കൊത്തവണ്ണം ഞാൻ ജ്ഞാനമുള്ളോരു പ്രധാന ശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു."

1 കൊറ: 4: 15 "നിങ്ങൾക്കു ക്രിസ്തുയേശുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചതു്."

നടപ്പ്: 14: 23 "അവർ സഭ തോറും അവർക്കു മൂപ്പന്മാരെ നിയമിക്കുകയും ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ടു് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കയും ചെയ്തു."

മേൽ വാക്യങ്ങളിൽ (i) പ്രധാന ശില്പി. (ii) പിതാവു്. (iii) അവരെ ഭരമേല്പിച്ചു. ഈ മൂന്നുകാര്യങ്ങളും കൂടി ഒരുമിച്ചുചേർത്തു നോക്കിയാൽ ഒരു മേൽവിചാരകനെ കാണാം. അതായതു ഭാഗ്യവാനായ പൗലൂസ് പ്രധാന മേല്പട്ടക്കാരനായിരുന്നുവെന്നുള്ളതു തന്നെ.

2 തീമോത്തെവോസ് 1: 6 "അതുകൊണ്ടു് എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണമെന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു."

തീത്തോസ് 1: 5 "ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചു പോന്നതു ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കേണ്ടതിന്നും ഞാൻ നിന്നോടു ആജ്ഞാപിച്ചതുപോലെ പട്ടണംതോറും മൂപ്പന്മാരെ ആക്കിവെക്കേണ്ടതിന്നും ആകുന്നു."



1 തീമോത്തെവോസ് 6 : 14 "ക്രിസ്തുയേശുവിനെയും സാക്ഷിച്ചു ഞാൻ നിന്നോടു ആജ്ഞാപിക്കുന്നു."

1 തീമോത്തെവോസ്: 5:21 "ദൈവത്തെയും ക്രിസ്തുവിനെയും ശ്രേഷ്ഠദൂതന്മാരെയും സാക്ഷിയാക്കി ഞാൻ നിന്നോടു കല്പിക്കുന്നു."

മേൽ 4 വാക്യങ്ങൾ നാം സൂക്ഷിച്ചാൽ—

1) തീമോത്തെവോസിനോടു—എന്റെ കൈവെപ്പിനാൽ എന്നു പറയുന്നു. ഞാൻ നിനക്കു കൈവെപ്പു തന്നു. നീ ഒരു എപ്പിസ്കോപ്പയാകുന്നു. ഞാൻ നിന്നെ എപ്പിസ്കോപ്പ (മെത്രാൻ) ആക്കി. ഇതുകൊണ്ടു എപ്പിസ്കോപ്പായെ വാഴിക്കുന്ന എപ്പിസ്കോപ്പായുടെ മേൽ അധികാരിയായ ഒരുവൻ ഉണ്ടെന്നു നമുക്കു കാണുവാൻ കഴിയും.

2) തീത്തോസിനോടു—ആജ്ഞാപിച്ചു: പട്ടണംതോറും മൂപ്പന്മാരെ നിയമിച്ചാക്കണം. തീത്തോസും ഒരു എപ്പിസ്കോപ്പയായിരുന്നു. ആ സ്ഥിതിക്കു് തീത്തോസിന്റെ മേൽ അധികാരിയായി അവനോടു ആജ്ഞാപിക്കത്തക്കവണ്ണം ഒരു വലിയ സ്ഥാനി ഉണ്ടായിരുന്നു എന്നും അതു സഭക്കു് ആവശ്യമാണെന്നും പിൽക്കാലസഭയിലും അപ്രകാരം ഒരു സ്ഥാനി ഉണ്ടായിരിക്കണമെന്നും അല്ലേ വി: വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നതു്.

3) മററു രണ്ടു വാക്യങ്ങളും നോക്കിയാൽ ഞാൻ നിന്നോടു ആജ്ഞാപിക്കുന്നു എന്നു കാണുന്നതുകൊണ്ടു് ഒരു എപ്പിസ്കോപ്പായോടു ആജ്ഞാപിക്കുന്നതിന്നു് അധികാരമുള്ള ഒരു മേൽവിചാരകൻ ഉണ്ടെന്നുള്ളതു പരമസത്യമല്ലേ?

1 കൊറ: 11: 34 "ശേഷം കാര്യങ്ങളെ ഞാൻ വന്നു ക്രമപ്പെടുത്താം."

1 തെസ്സലോനി. 4: 2 "ഞങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ ആജ്ഞയാൽ ഈ കല്പനകളെ തന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ."

1 കൊറി: 7: 1 "നിങ്ങൾ എഴുതിഅയച്ചസംഗതികളെക്കുറിച്ചു എന്റെ അഭിപ്രായം എന്തെന്നാൽ"

മേൽ കണ്ട വാക്യങ്ങൾ സൂക്ഷിച്ചാൽ 1) ഞാൻ വന്നു ക്രമപ്പെടുത്താം. 2) കല്പനകളെ തന്നു. 3) നിങ്ങൾ എന്റെ പേക്കെഴുതി. അതിൽ എന്റെ അഭിപ്രായം എന്തെന്നാൽ.

ഒരു മഹാ പ്രധാനാചാര്യൻ അഥവാ എപ്പിസ്കോപ്പന്മാരുടെ മേൽ വിചാരകൻ ഉണ്ടെന്നുള്ള—വേണമെന്നുള്ള ഒരു യഥാർത്ഥത്തിന്റെ പ്രതിഫലനമാണ് മുകളിൽ നാം കണ്ടതു്. ആ സ്ഥാനിക്കുള്ള ചുമതലകൾ:-

(1) താൻ — പിതാവാകുന്നു.
(2) ,, — മൂപ്പന്മാരെ നിയമിച്ചാക്കുന്നു.
(3) ,, — സഭക്കു് ഉപദേശം കൊടുക്കുന്നു.
(4) ,, — സഭക്കു ക്രമീകരണം കൊടുക്കുന്നു.
(5) ,, — എപ്പിസ്കോപ്പാക്കു ആജ്ഞ നൽകുന്നു.
(6) ,, — എപ്പിസ്കോപ്പന്മാരെ നിയന്ത്രിക്കുന്നു.
(7) ,, — സഭയെ ക്രമത്തിൽ നടത്തുന്നു.
(8) ,, — സഭക്കു ആവശ്യമായ കല്പനകൾ അയക്കുന്നു.

ഇത്രയും ശ്രേഷ്ഠമായ സ്ഥാനം ഒരു മഹാ പ്രധാനാചാര്യനിൽ സ്ഥിതി ചെയ്യുന്നു. ഈ സ്ഥാനങ്ങൾ ആവശ്യമില്ല- വേദാനുസരണമല്ല എന്നുംമററും ചില സമുദായങ്ങൾ ശഠിക്കുന്നതു് കാണുമ്പോൾ ഇവർ വേദപുസ്തകം അടച്ചു വച്ചുകൊണ്ടു ചില ദുരുദ്ദേശത്തോടുകൂടി പരമസത്യത്തോടു മറുതിരപ്പു കാണിക്കുന്നല്ലോ എന്നോർത്തു ദുഃഖിക്കയല്ലാതെ ഗത്യ



ന്തരമില്ല. ആകയാൽ ക്രിസ്തുവിന്റെ സഭയിൽ പുരോഹിതന്മാർ ഉണ്ടു്. അതു ആവശ്യവുമാകുന്നു. പൗരോഹിത്യം ഇല്ലാത്തവിടെ സഭയും ഇല്ല. സഭ ഇല്ലെങ്കിൽ ക്രിസ്തുവും ഇല്ല.

## പ്രധാന മേല്പട്ടസ്ഥാനത്തെപ്പററി കാനോൻ എന്തു പറയുന്നു.

7-ാം കെപ്പാലയോൻ 1-ാം പോസ്സുക്കോ.

നിഖ്യാ ലോകം നാലായി അറിയപ്പെടുന്ന പ്രകാരം ലോകത്തിൽ 4 പാത്രിയർക്കീസന്മാരുണ്ടായിരിക്കണം. പടിഞ്ഞാറൊക്കയുടേയും അധികാരിയായ റോമായുടെ പാത്രിയർക്കീസും തെക്കു ഒക്കയുടേയും അധികാരിയായ അലക്സന്ത്രിയായിലെ പാത്രിയർക്കീസും വടക്കു ഒക്കയുടേയും അധികാരിയായ എപ്പേസോസിൽ നിന്നും പാത്രിയർക്കാസ്ഥാനം അങ്ങോട്ടു മാററപ്പെടുകയും പുതിയ റോമാ എന്നു നാമകരണം ചെയ്യപ്പെടുകയും ചെയ്തിട്ടുള്ള കുസ്തന്തീനോപോലീസിലെ പാത്രിയർക്കീസും കിഴക്കു ഒക്കയുടേയും അധികാരിയായ അന്ത്യോഖ്യായിലെ പാത്രിയർക്കീസും അവരവരുടെ സ്ഥലങ്ങളിൽ പ്രധാന തലവന്മാരാകുന്നു.

പൗരസ്ത്യ ദേശത്തുള്ള വലിയ മെത്രാപ്പോലീത്താക്കു ഇനിമേലിൽ പാത്രിയർക്കീസിനെപ്പോലെ പൗരസ്ത്യദേശത്തു മെത്രാപ്പോലീത്തന്മാരെ വാഴിക്കുവാനുള്ള അധികാരം നൽകപ്പെട്ടിരിക്കുന്നു. അദ്ദേഹം കാതോലിക്കാ എന്നു വിളിക്കപ്പെടണം.

## കപ്പത്തുത്തോയിൽ കൂടിയ സുന്നഹദോസ് — 3-ാം നിശ്ചയം.

കാതോലിക്കാ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൂട്ടത്തിൽ സന്നിഹിതനായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ വല

ത്തുവശത്തു ഒന്നാമതായിട്ടു ഇരിക്കുകയും അദ്ദേഹത്തിന്റെ പിന്നാലെ പേരു പ്രസ്താവിക്കപ്പെടുകയും കുർബാന അനുഭവിക്കുകയും ചെയ്യണം.

ഹൂദായ പാത്രിയർക്കീസിനും കാതോലിക്കാക്കും മാത്രമെ വി: മൂറോൻ കൂദാശ നടത്തുവാൻ അധികാരമുള്ളു.

7-ാം കെപ്പാലയോൻ 2-ാം പോസ്സുക്കൊ.

ശ്ലീഹന്മാർ 31-ാംകാനോന "എപ്പിസ്കൂപ്പന്മാർ (മെത്രാപ്പോലീത്തന്മാർ) തങ്ങളുടെ പ്രധാനിയെ (പാത്രീയർക്കീസ് or കാതോലിക്കാ) അറിഞ്ഞിരിക്കയും അദ്ദേഹത്തെ തലവനായി ഗണിച്ചു ബഹുമാനിക്കയും വേണം.

# അദ്ധ്യായം 9.
## കശീശന്മാർ.

മുൻ അദ്ധ്യായങ്ങളിൽ എപ്പിസ്കൂപ്പന്മാരെയും മേൽ വിചാരകൻ അഥവാ അപ്പോസ്തോലന്മാരെപ്പററി ചിന്തിക്കുകയും ആ സ്ഥാനങ്ങൾ വേദാനുസരണമാണെന്നും നാം കാണുകയും ചെയ്തു. ഇനിയും നമ്മുടെ മുമ്പിൽ അവശേഷിക്കുന്നതു കശ്ശീശ്ശസ്ഥാനത്തെപ്പററിയാകുന്നു. അതു സംബന്ധിച്ചു വി: വേദപുസ്തകം എന്തു പറയുന്നു.

1) 1തിമോത്തയോസ് 4:14 മൂപ്പന്മാരുടെ കൈവെപ്പോടുകൂടി പ്രവചനത്താൽ നിനക്കു ലഭിച്ചതായി.........

ഇംഗ്ലീഷ്. 1827-ൽ ലണ്ടനിൽ അടിച്ച വേദപുസ്തകം. "together with the imposition of the hands of the eldership."

വേറൊരു ഇംഗ്ലീഷ് വേദപുസ്തകം with the laying on the hands of the Presbytery.

സുറിയാനി ഹോയ് ദെസ്യഹബാസ് ലോക് ബൻബീയ്യൂസാ-ഉ-ബസ്യോംമീദോ ദ്ഖാശ്ശീശ്ശൂസോ.

2) 1തിമോത്തയോസ് 5:17—19 "നന്നായി ഭരിക്കുന്ന മൂപ്പന്മാരേ! പ്രത്യേകം വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നെ—ഇരട്ടി മാനത്തിനു യോഗ്യരായി എണ്ണുക."

രണ്ടുമൂന്നു സാക്ഷികൾ മുഖേനയല്ലാതെ ഒരു മൂപ്പന്റെ നേരേ അന്യായം എടുക്കരുതു്.

ഇംഗ്ലീഷ്—Let the elders that rule well be counted worthly of double honour, especially they who labour inthe word and doctrine.

സുറിയാനി ഖാശ്ശീശ്ശേ അയിലേൻ ദ്ശാഫീർ മെസദ്ബറീൻ ലീഖ്ലോറോ അപീപൊ നെശവൂൽ.

19-ാംവാക്യം ഖാശ്ശീശ്ശോ ഖ്തീഗറോന്തോസാ ലോത് ഖാബേൻ.

3) 1തിമോത്തെവോസ് 5:1 "മൂത്തവനെ ഭത്സിക്കാതെ അപ്പനെപ്പോലെയും"

ഇംഗ്ലീഷ് Rebuke not an elder but in treat him as Father.

സുറിയാനി ബ്ഖാശ്ശീശ്ശാ ലാ നെഗ്ഉർ ഏലോ അപീസോയ് അക്ദലാബൊ.

ഈ 4 വാക്യങ്ങൾ പരിശോധിച്ചാൽ കൈവയ്ക്കപ്പെട്ട മൂപ്പൻ (Elder Presbytery) അഥവാ ഖാശ്ശീശ്ശാ—ഉണ്ടെന്നും അവൻ ഭരണകർത്താവ് ആണെന്നും ആ ഭരണം സഭയാൽ യേശുവാകുന്ന വചനത്തിലും ഉപദേശത്തിലും ആണെന്നും അവനെ ബഹുമാനിക്കണമെന്നും അവനെ കുറ്റംപറഞ്ഞു നടക്കരുതെന്നും അവൻ ഇരട്ടിമാനത്തിന്നു യോഗ്യനാണെന്നും അവൻ വെറും മൂപ്പനല്ല അച്ഛനാണെന്നും അപ്പനെ ബഹുമാനിക്കുന്നതുപോലെ അവനെ ബഹുമാനിക്കേണ്ടതു സഭയിലെ അംഗങ്ങളുടെ കടമയാണെന്നും സ്പഷ്ടമായി കാണുന്നല്ലോ. ഇതുകൊണ്ടു സഭയിൽ ഖശ്ശീശ്ശാ എന്ന ഒരു സ്ഥാനി ഉണ്ടെന്നും ഉണ്ടായിരിക്കണമെന്നുമല്ലെ നമ്മെ പഠിപ്പിക്കുന്നതു്.

4) തീത്തോസ് 1 : 5 "പട്ടണം തോറും മൂപ്പന്മാരെ ആക്കിവയ്ക്കേണ്ടതിന്നും തന്നെ.........മൂപ്പൻ കുറ്റമില്ലാത്തവനും ഏക ഭാര്യയുള്ളവനും.. ......ആയിരിക്കണം."

ഇംഗ്ലീഷ് I left thee in Crete, that thou mightest set in order the things wanting and ordain in every City elders, as I Commanded thee.



സുറിയാനി.

പഴയ ഇംഗ്ലീഷ് വേദപുസ്തകം 1827-ൽ ലണ്ടനിൽ അടിച്ചതു്-ഗ്രീക്കിൽ നിന്നു തർജ്ജമ. I left thee in Grese that thou mightest set in order the things wanting and ordain in every City Priests, as I Commanded thee.

സുറിയാനിവേദപുസ്തകം. മേത്തുൽ ഹോനൊ ഏശ്ബക്ക്ത്തോക് ഹവീസ് ബക്കറീത്താ ദയിലേൻ ദ്ഹാസീറോൻ തസ്(ത്)ഖേൻ. വത്ഥ്കീം ഖാശ്ശീശ്ശെ ബംദീനോ മ്ദീനോ അയിക്കാനോ ദ്ഫാക്കെദ്ത്തോക്.

ഈ വാക്യത്തിൽ ഒരു എപ്പിസ്കോപ്പാ — പട്ടണംതോറും കാശ്ശീശ്ശന്മാരെ നിയമിച്ചാക്കണം എന്നത്രേ പറയുന്നതു്. അതുകൊണ്ടു കാശ്ശീശ്ശന്മാർ സഭയ്ക്കു വേണ്ടതാണെന്നും അവർ നിയമിച്ചാക്കപ്പെടുന്നവരാണെന്നും അല്ലയോ യാഥാർത്ഥ്യമായിട്ടുള്ളതു്.

നടപ്പു 14 : 23 "അവർ സഭതോറും അവർക്കു മൂപ്പന്മാരെ നിയമിക്കുകയും ഉപവസിച്ചും പ്രാർത്ഥിച്ചുംകൊണ്ടും തങ്ങൾ വിശ്വസിച്ച കർത്താവിൽ അവരെ ഭരമേല്പിക്കയും ചെയ്തു.

ഇംഗ്ലീഷ് —1893-ൽ അമേരിക്കായിൽ അച്ചടിച്ച വേദപുസ്തകം.

And when they had ordained to them priests in every Church.

1827-ൽ ലണ്ടനിൽ അച്ചടിച്ച പുസ്തകം (ഇംഗ്ലീഷ്) And when they had Constituted presbyters for them in every Church.

1936—ൽ കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിച്ച ഇംഗ്ലീഷ് വേദപുസ്തകം. And when they had ordained them elders in every Church.

സുറിയാനി വാക്കീം ല്ഹൂൻ ബ്ക്രൂൻ ഈദത്താ ഖാശ്ശീശ്ശേ.

മേൽവാക്യം 4 വേദപുസ്തക പകർപ്പുകളിൽ സൂക്ഷിച്ചാൽ (i) ഭിന്നപദങ്ങളായും (ii) എന്നാൽ ഒരു തത്വം അടങ്ങിയിട്ടുള്ളതായും കാണാമല്ലോ—സഭതോറും അവർക്കു മൂപ്പന്മാരെ നിയമിച്ചാക്കി.

ഇംഗ്ലീഷിനും സുറിയാനിയിലും—പള്ളിക്കു കൊടുക്കുന്ന പദം തന്നെയാണ് സഭക്കും കൊടുക്കുന്നത്.

സുറിയാനി ഈദത്താ = പള്ളി, സഭ.

ഇംഗ്ലീഷ്-Church = പള്ളി, സഭ. ഇതിൽനിന്നും സഭതോറും മൂപ്പന്മാരെ നിയമിച്ചാക്കി എന്ന പരിഭാഷയേക്കാൾ സത്യമായതും യഥാർത്ഥമായതും—പള്ളി or പള്ളികൾതോറും അവർക്കു കശ്ശീശ്ശന്മാരെ or elders or Presbytery or Priests–നെ നിയമിച്ചാക്കി എന്നുള്ളതല്ലേ? അതുകൊണ്ടു പള്ളികൾക്കു കശ്ശീശ്ശ or മൂപ്പന്മാർ ഇന്നുണ്ടെങ്കിൽ അതു് അപ്പോസ്തലകാലംമുതൽ ഉള്ളതാണെന്നും അതു വേദാനുസരണമുള്ള സ്ഥാനമാണെന്നും എന്റെ സ്നേഹിതാ! താങ്കൾ അറിയേണമേ.

യാക്കോബ് 5:14 "നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ."

ഇംഗ്ലീഷ് Is any sick among you let him Call for the elders of the Church.

മുൻനടപ്പു 14:23–ൽ നാം വിവിധ പകർപ്പുകളിൽ വിവിധരീതിയിൽ കണ്ടതുപോലെ ഈ വാക്യത്തിനും വിവിധ പകർപ്പുകളിൽ വിവിധ രീതികൾ തന്നെയുണ്ട്.

"നിങ്ങളിൽ ദീനമായി കിടക്കുന്നവൻ പള്ളിയിലെ കശ്ശീശ്ശായെ or മൂപ്പനെ വിളിക്കട്ടെ." ഇതാണ് അതിന്റെ



യഥാർത്ഥ മൂലം. ഇവിടെയും സഭയിൽ or പള്ളിയിൽ കശ്ശീശ്ശാ or മൂപ്പൻ ഉണ്ടെന്നും നാം കാണുന്നു. അപ്രകാരമുള്ള ഒരു സ്ഥാനി അപ്പോസ്തോലകാലത്തു് ഉണ്ടായിരുന്നു എന്നല്ലെ ഭാഗ്യവാനായ യാക്കോബുശ്ലീഹാ പറയുന്നതു്. അങ്ങിനെ എങ്കിൽ അപ്പോസ്തോലർ സ്ഥാപിച്ചതാണെന്നും അതു കർത്താവിന്റെ ഇഷ്ടവും കല്പനയും അനുസരിച്ചായിരുന്നുവെന്നും അല്ലെ തെളിയുന്നതു്. അതുകൊണ്ടാണ് കാശ്ശീശ്ശാ എന്ന സ്ഥാനം വേദപുസ്തകാനുസരണമെന്ന് സുറിയാനിസഭ പറയുന്നതും പഠിപ്പിക്കുന്നതും.

1 പത്രോസ് 5 : 5 "അവ്വണ്ണം ഇളയവരെ! നിങ്ങളുടെ മൂപ്പന്മാർക്കു കീഴടങ്ങുവിൻ."

ഇംഗ്ലീഷ് Like wise ye younger submit yourselves unto the Elder.

സുറിയാനി വാത്തുൻ അലൈയിമെ എശ്ത്താബാദു ല്ഖാശ്ശീശ്ശൈയിക്കൂൻ. നിങ്ങളിൽ ഉള്ള യുവാക്കന്മാരെ! നിങ്ങളുടെ കാശ്ശീശ്ശന്മാർക്ക് നിങ്ങൾ വഴങ്ങുന്നവരാകുവിൻ or അനുസരണമുള്ളവരാകുവിൻ or അവരെ കീഴ്പ്പെടുന്നവരാകുവിൻ.

ഇന്നത്തെ യുവതലമുറ പോലെയുള്ള ഒരു തലമുറയെ അഭിസംബോധന ചെയ്തുകൊണ്ടു ഭാഗ്യവാനായ പത്രോസപ്പസ്തോലൻ വിളിച്ചുപറയുന്നു. യുവാക്കന്മാരെ! നിങ്ങളുടെ കാശ്ശീശ്ശന്മാരെ or അച്ചന്മാരെ or പട്ടക്കാരെ അനുസരിച്ചു- ബഹുമാനിച്ചു കീഴ്പ്പെട്ടുവിൻ എന്നു. മഹിമയേറിയ സ്ഥാനം പത്രോസപ്പസ്തോലന്റെ കാലത്തും ഉണ്ടായിരുന്നു.

ഭാഗ്യവാൻ പറയുന്ന ഈ സ്ഥാനം (കാശ്ശീശ്ശാ എന്ന സ്ഥാനം) ആവശ്യമാണ്. സ്ഥായിയായതുമാണ്. അതിനെ ബഹുമാനിക്കണം. എങ്കിൽ ഇതു വേദാനുസരണമല്ലേ?

നടപ്പു: 15 : 22 "പൗലൂസിനോടും ബർന്നബാസിനോടും കൂടെ അന്ത്യോഖ്യായിലേക്കു അയക്കേണം എന്നു അപ്പോസ്തോലന്മാരും മൂപ്പന്മാരും സർവ്വസഭയും നിർണ്ണയിച്ചു."

ഇംഗ്ലീഷ് Then it pleased the Apostles and elders.

സുറിയാനി ഹോയിദേൻ ശ്ലീഹേ ഉ ഖശ്ശീശ്ശേ.

ഈ വാക്യത്തിലും വി: വേദപുസ്തകത്തിൽ അപ്പോസ്തോലകാലത്തു—ശ്ലീഹന്മാരുടെ കൂടെ കശ്ശീശ്ശന്മാർ or മൂപ്പന്മാർ ഉണ്ടായിരുന്നു എന്നല്ലെ തെളിയുന്നതു്. ആ കശ്ശീശ്ശന്മാരെ അപ്പോസ്തോലർ വാഴിച്ചാക്കിയവരാണെന്നും നമുക്കു് ഉറപ്പായി വിശ്വസിക്കാം.

മേൽ കണ്ടതായ വാക്യങ്ങളിൽ നിന്നും പല പകർപ്പുകളിൽ പല പേരുകളാണെങ്കിലും ഒരു തത്വം നിഷേധിപ്പാൻ സാധിക്കയില്ല. അതു—ഓരോ ഇടവകക്കും Elder or Priest or ഖശീശോ or മൂപ്പൻ എന്ന പേരിൽ അറിയപ്പെടേണ്ടതായ ഒരു സ്ഥാനി ഉണ്ടു്. ഈ സ്ഥാനി ഓരോ പട്ടണത്തിന്നോ—ഇടവകയ്ക്കോ ഭരണകർത്താവായിരിക്കേണ്ട ആളാണു്. യാക്കോ: 5 : 14-ൽ പറയുന്നപ്രകാരം നിങ്ങളിൽ ദീനമായി കിടക്കുന്നവൻ പള്ളിയിലെ കശീശായെ or മൂപ്പനെ വിളിക്കട്ടെ എന്നു കാണുന്നതിനാൽ ഓരോ ഭവനത്തിന്റെയും ആത്മീകകാര്യങ്ങൾക്കായി ഒരു സഭാമൂപ്പൻ or ഖശീശോ വേണ്ടിയിരിക്കുന്നുവെന്നല്ലേ? പ്രായത്തിൽ അധികമായ ഒരു മൂപ്പനല്ല. അതു വൃദ്ധനാണു്. ആ വൃദ്ധനെപ്പററിയല്ല വി: വേദം ഇത്രയും വിശദമായി പറയുന്നതു്. പിന്നെയോ സഭയുടെ മൂപ്പൻ or ഖാശീശോയെപ്പററിയാണു്. ഈ കാശീശോസ്ഥാനം വി: സഭയിൽ എന്നാളും ഉണ്ടായിരിക്കണം. അതു ആരംഭം മുതൽ ഉള്ളതാണു്. ഈ സ്ഥാനം ആവശ്യമില്ലെന്നു പറഞ്ഞാൽ അവൻ വേദപുസ്തകം അനുസരിക്കാത്തവനും



ക്രിസ്തുവും അവന്റെ മണവാട്ടിയായ വി: സഭയും വേണ്ടെന്നു പറയുന്നവനും ആകുന്നു. ഇതിനെ എതൃക്കുന്ന ചില സമുദായക്കാർക്കും ചില സ്ഥാനികൾ ഉള്ളതായി കാണാം. അവർ ആ സ്ഥാനിയെ പാസ്റ്റർ എന്നോ ഇവാൻജലിസ്റ്റ് എന്നോ പേർ കൊടുക്കുന്നു. അവരൊ പലപ്പോഴും ചില പ്രത്യേക ബാഹ്യവേഷത്തിൽ കാണപ്പെടുന്നു. അതുകൊണ്ടും അങ്ങിനെയുള്ളവർ പരോക്ഷമായി ഈ മഹൽസ്ഥാനത്തെ അംഗീകരിക്കുന്നു. അതേസമയത്തു് യഥാർത്ഥമായതിനെ നിഷേധിച്ചു പറകയും ചെയ്യുന്നു. അതു് അവരുടെ പല ദുഷിച്ച സമ്പ്രദായങ്ങളിൽ പെട്ടതു മാത്രമാണു്. അതുകൊണ്ടു ദൈവവിശ്വാസവും കർത്താവിന്റെ സഭയും ഉള്ള ദൈവമക്കൾക്കു് ഈ സ്ഥാനിയെക്കൂടാതെ മുമ്പോട്ടു പോകുവാൻ ഒരിക്കലും സാദ്ധ്യമല്ല. ഈ മഹൽസ്ഥാനം വേദാനുസരണമാണു്.

കാനോൻ

കനാൻകാരൻ ശെമവൂൻ. കശ്ശീശ്ശാ തന്റെ താഴെയുള്ളവരെ അനുഗ്രഹിക്കുന്നു. അനുഗ്രഹിക്കപ്പെടുകയല്ല. അദ്ദേഹം അനുഗ്രഹം പ്രാപിക്കുന്നതു് മെത്രാപ്പോലീത്തായിൽ നിന്നാണു്. ഒരു സഹകശീശായിൽനിന്നും അനുഗ്രഹം പ്രാപിക്കുകയും അങ്ങോട്ടും അനുഗ്രഹിക്കുകയും ചെയ്യാം. ഒരു കശീശാ മററൊരുവനു പട്ടം കൊടുക്കുവാൻ പാടില്ല. തന്റെ കീഴിൽ ഉള്ള സ്ഥാനികളെ മുടക്കുകയും അരുതു്. അവർ കുററക്കാരാണെങ്കിൽ അവരെ വേർതിരിച്ചു നിർത്താം.

ശ്ലീഹന്മാർ 12-ാം കാനോന. ഒരു കശീശായേയൊ ശെമ്മാശനെയോ പരിഹസിക്കുന്നവൻ ശപിക്കപ്പെട്ടവനാകുന്നു. അവനു ശുഭം വരികയില്ല.

ലാവോദീക്യാ 20-ാം കാനോന ഒരു അന്മേനിയോ ഒരു ശമ്മാശൻ തന്നെയുമോ ഒരുകശീശായുടെ മുമ്പിൽ ഇരിക്കരുതു്. കശീശായുടെ അനുവാദപ്രകാരം ഇരിക്കുകയും ചെയ്യാം.

ഹൂദായ 1-ാംകെപ്പാലയോൻ 2-ാംപോസൂക്കോ.

അന്ത്യോഖ്യാ പള്ളിവക എല്ലാസംഗതികളിലും കശീശാ അധികാരിയായിരിക്കണം. പള്ളിസംബന്ധമായ യാതൊരുസംഗതിയും കശീശായെ കൂടാതെ നടക്കുകയും അരുത്.

ഹൂദായ കാനോൻ 1-ൽ 3. ആദ്യഫലശേഖരം മുഴുവനും എപ്പിസ്കോപ്പായുടെയും കശീശന്മാരുടെയും ശെമ്മാശന്മാരുടേയും സംരക്ഷണത്തിനുവേണ്ടി വിനിയോഗിക്കണം.

1-ൽ 4 റാബൂലെ. കശീശായോ ശെമ്മാശനോ ഇല്ലാത്ത സ്ഥലത്തല്ലാതെ അത്മായക്കാർ കൈകാസ്തുകർത്താക്കളായിരുന്നുകൂടാ.

---

# അദ്ധ്യായം 10.

## 1. "വിശ്വസിച്ചവർ എല്ലാവരും പുരോഹിതന്മാരല്ല."

ഏശായാ 61 : 6 "നിങ്ങളോ യഹോവായുടെ പുരോഹിതന്മാർ എന്നു വിളിക്കപ്പെടും. നമ്മുടെ ദൈവത്തിന്റെ ശുശ്രൂഷകന്മാർ എന്നു നിങ്ങൾക്കു പേരാകും."

1കൊറന്തി 4:1 "ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷകന്മാരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ."

എപ്പേ: 2 : 20 "ക്രിസ്തു മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തോലരും പ്രവാചകരും എന്ന അടിസ്ഥാനത്തിൽ പണിതിരിക്കുന്നു."

റോമർ 13:1 "എതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവും ഇല്ലല്ലോ."

മേൽ രേഖപ്പെടുത്തിയിരിക്കുന്ന വേദവാക്യങ്ങൾ സൂക്ഷിച്ചു പരിശോധിക്കുക. എല്ലാവരും പുരോഹിതന്മാർ or സ്ഥാനികൾ ആണോ? അല്ല എന്നുള്ളതു തീർച്ചയാണ്. അതേസമയത്തു സ്ഥാനികൾ—ഗൃഹവിചാരകർ ശ്രേഷ്ഠാധികാരികൾ ഉണ്ടെന്നുള്ളതു എത്രയോ സത്യമാണ്. ആ സ്ഥാനം ദൈവത്തിൽ നിന്നു കർത്താവുവഴി കിട്ടിയിട്ടുള്ളതാണ്. അതു മനുഷ്യർ ഉണ്ടാക്കിയതുമല്ല. തന്റെ ഏകജാതൻ വഴി വി: സഭയെ പണിയുവാൻ—സഭയെ ഭരിപ്പാൻ മനുഷ്യരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്കു ഈ മഹൽസ്ഥാനം നല്കി അവനെ ക്രിസ്തുവിന്റെ സ്ഥാനാപതിയാക്കി നിറുത്തുന്നു. അതുകൊണ്ടു വിശ്വസിച്ചവർ എല്ലാവരും പുരോഹിതന്മാരല്ല. ഈ ശ്രേഷ്ഠപൌരോഹിത്യസ്ഥാനം വേദാനുസരണവും ആകുന്നു.

## 2. കൈവെപ്പ് കൊടുക്കണം; കൈവെപ്പ് പ്രാപിക്കണം.

കൈവെപ്പിനാൽ നിയമിച്ചാക്കപ്പെടുന്നവനെ പുരോഹിതൻ എന്നു വിളിക്കുന്നു. പൗരോഹിത്യത്തിന്റെ വിശുദ്ധിയും സത്യവും നിലനിൽക്കുന്നതും കൈവെപ്പിൽ കൂടിയാകുന്നു. ഈ കൈവെപ്പ് ആവശ്യമില്ലെന്നു പറയുന്ന ചില ക്രിസ്തീയവിഭാഗങ്ങൾ ഉണ്ട്. അതു് അവരുടെ സ്വാർത്ഥസ്വാതന്ത്ര്യത്തെ നിലനിറുത്തുന്നതിനുവേണ്ടി മാത്രമാകുന്നു. എപ്പിസ്കോപ്പൽ സഭകൾ കൈവെപ്പിൽ വലിയ സ്ഥാനവും മഹിമയും കല്പിക്കുന്നുണ്ട്. അതു യഥാർത്ഥമെന്നു താഴെ കാണിക്കുന്ന തെളിവുകൾകൊണ്ടു നമുക്കു ബോദ്ധ്യപ്പെടും.

എബ്രായ 6: 1–2 “അതുകൊണ്ടു നിർജ്ജീവ പ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം—ദൈവത്തിന്റെ വിശ്വാസം സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം കൈവെപ്പ് എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ട് പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക.”

ഇവിടെ സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം കൈവെപ്പ് എന്നിവകൾ അടിസ്ഥാനതത്വങ്ങളും അതു ക്രിസ്തുയേശുവിന്റെ ആദ്യവചനങ്ങളിൽപെട്ടതും ആകുന്നുവല്ലേ?

നടപ്പ് 13: 3 “അങ്ങിനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു അവരുടെ മേൽ കൈവച്ചു അവരെ പറഞ്ഞയച്ചു.”

ഇവിടെ ഭാഗ്യവാനായ പൗലൂസിനു കൈവെപ്പു കൊടുത്തു എന്നു കാണുന്നു. നടപ്പ് 9: 18 “അവന്റെ കണ്ണുകളിൽനിന്നു ചെതുമ്പൽ പോലെ വീണു കാഴ്ചലഭിച്ചു. അവൻ



എഴുന്നേററു സ്നാനം ഏററു. ആഹാരം കൈക്കൊണ്ടു ബലം പ്രാപിക്കുകയും ചെയ്തു.” എന്നിപ്രകാരം രേഖപ്പെടുത്തിയിക്കുന്നു. ഒരിക്കൽ വി: മാമോദീസാ കൈക്കൊണ്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചവൻ വീണ്ടും കൈവെപ്പു പ്രാപിക്കുമ്പോൾ—കൈവെപ്പ് ഒന്നു പ്രത്യേകമാണെന്നും അതു് ഏതോ പ്രത്യേക പ്രവർത്തനത്തിനുള്ള സ്ഥാനസ്വീകരണ ചിഹ്നമാണെന്നും നമുക്കു മനസ്സിലാക്കാം. പൗലൂസപ്പസ്തോലൻ റോമർ 15: 15–ൽ ഞാൻ ഒരു പുരോഹിതനായി എന്നുപറയുന്ന പൗരോഹിത്യ സ്ഥാനസ്വീകരണം ഈ കൈവെപ്പിൽകൂടെ പ്രാപിച്ചു എന്നല്ലെ നാം ഗ്രഹിക്കേണ്ടതു്? എന്നു പറഞ്ഞാൽ നടപ്പ 13: 13–ലെ കൈവെപ്പ് റോമർ 15: 15–ലെ പൗരോഹിത്യ സ്ഥാനസ്വീകരണം എന്നത്രേ. ഇതുകൊണ്ടാകുന്നു കൈവെപ്പ് പൗരോഹിത്യ സ്ഥാനസ്വീകരണത്തിന്റെ ഒരു പ്രധാന കാര്യമാണെന്നും ഈ കൈവെപ്പ് വേദാനുസരണമാണെന്നും എപ്പിസ്കോപ്പൽ സഭകൾ വാദിക്കുന്നതു്. പഴയനിയമത്തിലും ഈ കൈവെപ്പു കാണുന്നുണ്ട്. സഭയിൻ കൂടാരത്തിൽ ശുശ്രൂഷിക്കുന്നതിനു് കൈവെപ്പുമൂലം സ്ഥാനം സ്വീകരിക്കപ്പെട്ടവർക്കു് മാത്രമെ അധികാരമുള്ളു. അതിനാൽ പുരോഹിതശുശ്രൂഷ നടത്തുന്നതിനു വിളിക്കപ്പെടുന്നവരെ പ്രത്യേക അഭിഷേകത്തോടുകൂടെ കൈവെച്ചു അവരെ ഇതിലേക്കു നിയമിച്ചിരിക്കുന്നു. പുറപ്പാടു് 28, 29 അദ്ധ്യായങ്ങൾ മുഴുവനായി വായിച്ചാൽ അതു വിശദമായി നമുക്കു ഗ്രഹിക്കാം.

പുറപ്പാടു് 28: 41 “അവർ എനിക്കു പുരോഹിത ശുശ്രൂഷ ചെയ്യേണ്ടതിനു അവരെ അഭിഷേകവും കരപൂരണവും ചെയ്തു ശുദ്ധീകരിക്കേണം.”

സംഖ്യ 11: 25 “അവന്മേലുള്ള ആത്മാവിൽ കുറെ എടുത്തു ആ മൂപ്പന്മാരായ..........70 പുരുഷന്മാർക്കു കൊടുത്തു.”

നടപ്പ് 6:6 "എന്നിവരെ തിരഞ്ഞെടുത്തു. അപ്പൊസ്തോലന്മാരുടെ മുമ്പാകെ നിറുത്തി. അവർ പ്രാർത്ഥിച്ചു അവരുടെ മേൽ കൈവെച്ചു."

ഇവിടെ കാണിച്ചിരിക്കുന്നതു ഏഴു ശുശ്രൂഷകന്മാരെ തിരഞ്ഞെടുത്ത ഭാഗമാണ്. ആദ്യമായി അവരെ തിരഞ്ഞെടുത്തു. അതിന്റെശേഷം അവരുടെ മേൽ കൈവച്ചു എന്നു പറയുമ്പോൾ — വിശ്വസിക്കുന്ന എല്ലാവരും അഥവാ സഭയിൽപെട്ട എല്ലാവരും ശുശ്രൂഷകരല്ല. എല്ലാവരും സ്ഥാനികളുമല്ല. എല്ലാവരും പുരോഹിതന്മാരുമല്ല. പിന്നയോ തിരഞ്ഞെടുക്കപ്പെട്ടവർ — ഉയർന്നസ്ഥാനത്തു നിന്നും കൈവെപ്പു സ്വീകരിക്കണം. അതാണ് വേദാനുസരണമായിട്ടുള്ളതു്.

1തീമോ: 5:21,22 "സിദ്ധാന്തം കൂടാതെ ഇവ പ്രമാണിച്ചുകൊള്ളണം എന്നു ഞാൻ ദൈവത്തേയും ക്രിസ്തുയേശുവിനേയും ശ്രേഷ്ഠദൂതന്മാരെയും സാക്ഷിയാക്കി നിന്നോടു കല്പിക്കുന്നു. യാതൊരുത്തന്റെമേലും വേഗത്തിൽ കൈവെയ്ക്കരുതു്."

1തീമോ: 4:14 "മൂപ്പന്മാരുടെ കൈവെയ്പോടുകൂടെ പ്രവചനത്താൽ നിനക്കു ലഭിച്ചതായി........."

2തീമോ: 1 : 6 "അതുകൊണ്ട് എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു."

ഇത്രയും ഭാഗങ്ങൾ നാം സൂക്ഷിച്ചാൽ വ: പൗലൂസ് അപ്പോസ്തോലൻ കൈവെച്ചു സ്ഥാനം കൊടുത്തു എന്നും അപ്രകാരം കൈവെപ്പിൽ കൂടെ സ്ഥാനം പ്രാപിച്ചവരിൽ ഒരുവനായ തീമോഥെയോസിനോട്—കൈവെപ്പു കൊടുക്കുവാൻ കല്പിക്കുന്നു. തന്മൂലം ഈ കൈവെപ്പു ശാശ്വതമായി വി: സഭയിൽ നിലനിൽക്കണമെന്നും അതിൽ കൂടെയാണ് സ്ഥാനം പകരുന്നതെന്നും നമുക്കു് എത്രയോ സ്പഷ്ടമായി മനസ്സിലാക്കാം.



ഇപ്രകാരം കൈവെപ്പു—കൊടുത്ത താനോ കൈവെപ്പു വാങ്ങിച്ചവനും കൂടെയാണെന്നും അറിയണം.

യോഹന്നാൻ 20:22 "അവൻ അവരുടെ മേൽ ഊതി അവരോടു പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ.."

1രാജാ: 19:19 "ഏലിയാവു് അവന്റെ അരികെ ചെന്നു തന്റെ പുതപ്പു് ഏലിശായുടെ മേൽ ഇട്ടു. ഏലീശാ കാളയെ വിട്ടു ഏലിയാവിന്റെ പിന്നാലെ ഓടി."

മേൽ കാണുന്ന 2 വാക്യത്തിലും — കർത്താവു ശിഷ്യന്മാരുടെ മേൽ ഉതി എന്നും ഏലിയാവു ഏലീശായുടെ മേൽ പുതപ്പ് ഇട്ടു എന്നും അല്ലയോ വെളിപ്പെടുത്തുന്നതു്. വെറും വാക്കുകൊണ്ടല്ല ആ സ്ഥാനത്തേക്കു വരുന്നതു്. ചില ക്രിസ്തീയ സഹോദരങ്ങൾ പറയുംപോലെ എല്ലാവരും മൂപ്പന്മാരോ—ഉപദേഷ്ടാക്കളൊ അല്ല. പിന്നയോ ചില ക്രിയകളോടുകൂടി അക്കപ്പെടുന്നവർ മാത്രമേ ഈ സ്ഥാനത്തേക്കു വരുന്നുള്ളു. ഇവിടെ രണ്ടു സന്ദർഭത്തിലും ഒരു സ്പർശനം കാണുന്നുമുണ്ട്. മാത്രമല്ല സ്ഥാനം ഒരുവൻ അപരനു പകർന്നു കൊടുക്കുന്നതായും കാണുന്നു. ഇതത്രെ കൈവെപ്പ് എന്നു പറയുന്നതു്. ഈ കൈവെപ്പിനെപ്പററി താഴെ പറയുന്ന കാര്യങ്ങൾകൊണ്ട് അതു ശാസ്ത്രീയമായും ശരിയാണെന്നു നമുക്കു ബോദ്ധ്യമാകുമോ?

(i) ഒരുക്കം അതിന്റെ ശക്തിയെ കാണിക്കും എന്ന് ഒരു തത്വം ഉണ്ട്.

ഉദാ:- ഒരു പട്ടാളക്കാരൻ അവന്റെ അംശവസ്ത്രം ധരിച്ചു പടക്കോപ്പു കയ്യിൽ ഏന്തിയാൽ അവനു് അതിനു മുമ്പ് ഇല്ലാത്ത ഒരു പ്രത്യേക ശക്തിയുണ്ടാകുന്നുണ്ട്.

ഹിന്ദുക്കളുടെ ഇടയിൽ ശബരിമലയ്ക്കു കെട്ടുതാങ്ങുന്ന ഒരു നടപടി ഉണ്ടല്ലോ. നാളികേരം എറിഞ്ഞു കെട്ടു തലയിൽ

ക്കന്തിയാൽ അതിനു മുമ്പ് ഇല്ലാതിരുന്ന ഒരു ശക്തി അവനിൽ പ്രവൃത്തിക്കുന്നതുകാണാം.

(ii) സന്ദർഭം അതിൻെറ പൂർണ്ണതയെ കാണിക്കുന്നു എന്നു് ഒരു തത്വം ഉണ്ടു്.

ഉദാ:- കുറെ ആളുകൾ ഉറച്ച ശബ്ദത്തിൽ താളമേളങ്ങളോടെ പാടുകയാണെങ്കിൽ അറിയാത്ത ഒരു ഉണർവ്വു് അഥവാ ആവേശംകൊള്ളുന്ന ഒരു അനുഭവം ഉണ്ടാകാറില്ലെ. യുദ്ധക്കളത്തിലെ ബാൻറുശബ്ദം പട്ടാളക്കാരനെ മുമ്പോട്ടു ചാടിക്കുന്നു എന്നു് ഒരു ചൊല്ലുണ്ടു്.

(iii) കുറവു് ആവശ്യത്തെയും ആവശ്യം ആഗ്രഹത്തെയും ആഗ്രഹം അനുഭവത്തെയും കാണിക്കുമെന്നു ഒരു തത്വം ഉണ്ടു്.

ഉദാ:- ഒരു ദാഹം ഉണ്ടാകുന്നതു് അവൻെറ ശരീരത്തിൽ വെള്ളം ആവശ്യത്തിൽ കുറവാകുമ്പോൾ ആകുന്നു. ആ കുറവിനെ പരിഹരിക്കുവാൻ അവനു വെള്ളത്തിന്നു് ആവശ്യം വരുന്നു. അപ്രകാരം ആവശ്യം നേരിടുമ്പോൾ വെള്ളത്തോടു് ആഗ്രഹം ഉണ്ടാകുന്നു. തന്മൂലം വെള്ളം കുടിക്കുക എന്ന അനുഭവം ഉണ്ടാകുന്നു.

(iv) രണ്ടു ദൃശ്യവസ്തുക്കൾ ചേർന്നാൽ ഒരു അദൃശ്യശക്തി ഉണ്ടാകുന്നു.

ഉദാ:- നാഗദണ്ഡും ചെമ്പുകമ്പിയും ഇലക്ട്രിക്കു സെല്ലിൽ സൽഫ്യൂറിക് ആസിഡും കൂടി ചേർന്നാൽ വൈദ്യുതി ഉണ്ടാകുന്നു.

(v) അദൃശ്യമായ ഒരു വസ്തുവിൽ കൂടി അദൃശ്യശക്തി പ്രവഹിക്കും.

ഉദാ:- ഒരു ചെമ്പുകമ്പിയിൽ കൂടി വിദ്യുച്ഛക്തി പകരുന്നു.